<u>മി.സ്പീക്കർ:</u> ഓർഡർ......ഓർഡർ......ചോദ്യം നം. *301

....(ബഹളം)....

<u>മി. സ്പീക്കർ</u>: പ്ലീസ്...പ്ലീസ്....ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിൽ ഇരിക്കണം. പ്ലീസ്... ഇത് ചോദ്യോത്തര സമയമാണ്. ദയവായി അംഗങ്ങൾ സീറ്റിലിരിക്കൂ. ചോദ്യം നം. *301.

**<u>മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിക്കുവാൻ പദ്ധതികൾ</u>**

(*301) <u>ശ്രീ. ആർ. സെൽവരാജ്:</u>
<u>ശ്രീ. ബെന്നി ബെഹനാൻ:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ചു നൽകുവാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) മത്സ്യത്തൊഴിലാളികൾക്ക് വീട് വച്ച് നൽകുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>):സർ,

(എ) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ ധനസഹായത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവനനിർമ്മാണ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതികളിൽപ്പെടുത്തി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 9173 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുതിയ ഭവനം നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചു. കൂടാതെ ഭവനരഹിതരായ 5000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനായി 100 കോടി രൂപയുടെ പ്രത്യേക ഭവന പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്. ഭൂരഹിതരും ഭവനരഹിതരുമായ തെരഞ്ഞെടുക്കപ്പെടുന്ന 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് താമസിക്കുന്നതിന് ഫ്ലാറ്റ് നിർമ്മിക്കാനായി 2014-15 സാമ്പത്തിക വർഷം 48.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി വലിയതുറയിൽ 32 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. മറ്റു സ്ഥലങ്ങളിൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിനുവേണ്ടി

ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പദ്ധതി ലക്ഷ്യം നിറവേറ്റുന്നതിനാവശ്യമായ ഫണ്ട് അതാത് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുന്നതിനും അതാത് വർഷംതന്നെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ആവശ്യാനുസരണം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് യഥാസമയം അനുവദിച്ചുനൽകുകയും പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ മോണിറ്ററിംഗ് സർക്കാർ തലത്തിലും ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിലും നടത്തിവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ അനുവദിച്ച 9173 വീടുകളിൽ ഇതുവരെ 6672 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവൃത്തി വിവിധ ഘട്ടങ്ങളിലാണ്. ഈ വർഷം വിവിധ പദ്ധതികളിൻ കീഴിൽ 5000 വീടുകൾകൂടി അനുവദിച്ചിട്ടുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പും കഴിഞ്ഞ് ഭവന നിർമ്മാണം ജില്ലകളിൽ ആരംഭിച്ചുകഴിഞ്ഞു.

മി. സ്പീക്കർ: ചോദ്യങ്ങൾ ചോദിക്കുന്ന അംഗങ്ങളും ഉത്തരം നൽകുന്ന മന്ത്രിമാരും വളരെ ചുരുക്കി സംസാരിക്കണം. ഇവിടെ കൂടുതൽ ചോദ്യങ്ങൾ

എടുക്കാൻ കഴിയുന്നില്ലെന്നും കൂടുതൽ അംഗങ്ങൾക്ക് അവസരം നൽകാൻ കഴിയുന്നില്ലെന്നും വ്യാപകമായ പരാതിയുണ്ട്. അതുകൊണ്ട് ചെയറിനെക്കൊണ്ട് നിയന്ത്രിപ്പിക്കരുത്. ചോദ്യങ്ങൾ ചുരുക്കി ചോദിക്കണമെന്ന് പ്രത്യേകമായി ഓർമ്മപ്പെടുത്തുന്നു.

ശ്രീ. ആർ. സെൽവരാജ്: സർ, കേരള പിറവിക്കുശേഷം കേരളത്തിൽ അധികാരത്തിൽ വന്നിട്ടുള്ള ഗവൺമെന്റുകൾ ഒന്നുംതന്നെ നടപ്പാക്കാത്ത പദ്ധതികളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കഴിഞ്ഞ നാലു വർഷം കൊണ്ട് മത്സ്യമേഖലയിൽ നടപ്പിലാക്കിയിട്ടുള്ളത്. മത്സ്യത്തൊഴിലാളികളുടെയും മത്സ്യമേഖലയിലെയും വികസനത്തിന് ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. നിലവിലുള്ള ഭവനങ്ങൾ പുതുക്കി പണിയുന്നതിന് ഈ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുമോ; എത്രയുംപെട്ടെന്ന് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ: കടലോര മേഖലയുമായി ബന്ധമില്ലാതെ ഉൾനാടൻ പ്രദേശങ്ങളിൽ ഈ തൊഴിലിലേർപ്പെട്ടിരിക്കുന്ന ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കാനാവശ്യമായ പദ്ധതി നടപ്പാക്കുമോ?

<u>ശ്രീ. കെ. ബാബു</u>: സർ, തെരഞ്ഞെടുത്ത 2000 മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾ പുതുക്കിപണിയുന്നതിനുവേണ്ടി കഴിഞ്ഞവർഷം പത്തുകോടി രൂപ അനുവദിച്ചു. ഭവനങ്ങൾ പുതുക്കിപണിയുന്നതിന് കഴിഞ്ഞ വർഷങ്ങളിൽ അപേക്ഷ നൽകിയ അർഹരായവരിൽ അവശേഷിക്കുന്ന 3800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഈ വർഷം ഭവനങ്ങൾ നവീകരിക്കുന്നതിന് 19 കോടി രൂപ ചെലവഴിക്കും. ഇതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>ശ്രീ. ആർ. സെൽവരാജ്</u>: സർ, ശുചിത്വ തീരം പദ്ധതി നടപ്പിലാക്കുന്നതിന് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; ഈ പദ്ധതി ഏറ്റവും ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; എന്റെ നിയോജകമണ്ഡലമായ നെയ്യാറ്റിൻകരയിൽ തീരദേശ പഞ്ചായത്തായ കുളത്തൂർ പഞ്ചായത്തിലെ മത്സ്യതീരമേഖലയിൽ കുടുംബങ്ങളെ ദത്തെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. ബാബു</u>: സർ, 'ശുചിത്വ തീരം' എന്ന പദ്ധതി മത്സ്യത്തൊഴിലാളി മേഖലയിൽ നടപ്പിലാക്കുന്നുണ്ട്. പ്രധാനമായി ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനാവശ്യമായ സഹായമാണ് നൽകുന്നത്. 17,500 രൂപ വീതം സർക്കാർ സഹായമായി ഓരോ മത്സ്യത്തൊഴിലാളികൾക്കും നൽകുന്നുണ്ട്. കഴിഞ്ഞ

വർഷം 13707 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്വന്തമായി ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് സർക്കാർ ധനസഹായം നൽകി. ഇതിനായി 25.34 കോടി രൂപ അനുവദിക്കുകയുണ്ടായി. ഈ വർഷം 3,400 പേർ അപേക്ഷിച്ചിട്ടുണ്ട്. 3,400 പേർക്കും ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് ധനസഹായം 17,500 രൂപ നിരക്കിൽ നൽകുന്നതാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, സർവ്വേ റിപ്പോർട്ട് പ്രകാരം എത്ര മത്സ്യത്തൊഴിലാളികൾ ഭവനരഹിതരായിട്ടുണ്ട്; അവരിൽ എത്ര പേർക്ക് വീട് വച്ചുനൽകുവാൻ കഴിഞ്ഞിട്ടുണ്ട്; മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മിച്ചുകൊടുക്കുമെന്ന് പറഞ്ഞു, ഈ ഫ്ലാറ്റിൽ മത്സ്യത്തൊഴിലാളികൾ താമസിക്കുവാൻ തയ്യാറാണോ; സി.ആർ.ഇസഡ് പോലുള്ള നിയമം വരുമ്പോൾ തീരപ്രദേശത്ത് ഫ്ലാറ്റുകൾ നിർമ്മിക്കാനുള്ള സാധ്യതയുണ്ടോ; അതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. ബാബു: സർ, ഹൈദ്രാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റാണ് 2010-ലെ ഒരു പഠന റിപ്പോർട്ട് ഗവൺമെന്റിന് നൽകിയത്. അതിന്റെ അടിസ്ഥാനത്തിൽ 29,201 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ

ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ പ്രത്യേകം ഊന്നൽ നൽകി വരികയാണ്. വീടും സ്ഥലവുമില്ലാത്ത 12,850 മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ട്. സർക്കാരിന്റെ കണക്കനുസരിച്ച് ഈ വർഷം 5,000 വീടുകൾ കൂടി കൊടുത്തുകഴിയുമ്പോൾ, ഹൈദ്രാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റിന്റെ റിപ്പോർട്ടുപ്രകാരം 4319 മത്സ്യത്തൊഴിലാളികൾക്കാണ് വീടില്ലാത്തത്. പഴയ സർവ്വെ റിപ്പോർട്ട് പ്രകാരം വീടില്ലാത്തതായി അവശേഷിക്കുന്നത് 2100 പേരാണ്. 2219 പേർകൂടി പുതുതായി അപേക്ഷ നൽകിയിട്ടുണ്ട്. ഫ്ലാറ്റ് നിർമ്മിക്കുന്ന പദ്ധതിയെപ്പറ്റി നേരത്തെ തന്നെ പറഞ്ഞു, 450 ഫ്ലാറ്റ് നിർമ്മിക്കുന്നതിന് 48.75 കോടി രൂപയുടെ പദ്ധതിക്ക് ഇപ്പോൾ തന്നെ അനുമതി നൽകിയിട്ടുണ്ട്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, മത്സ്യത്തൊഴിലാളികളുടെ ഭവന പദ്ധതി പോലെ തന്നെ പ്രധാനപ്പെട്ടതാണ് നെറ്റ് മെൻഡിംഗ് യാർഡുകൾ. ഇതുസ്ഥാപിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഇതിനുവേണ്ടി എത്ര തുകയാണ് മാറ്റിവച്ചിട്ടുള്ളത്; ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം അനുവദിച്ചിട്ടുണ്ടോ?

ശ്രീ. കെ. ബാബു: സർ, കേന്ദ്ര ഗവൺമെന്റിന്റെ സഹായം വർഷത്തിൽ 800

വീടുകൾക്ക് മാത്രമാണ്. സംസ്ഥാനം രണ്ടുലക്ഷം രൂപയാണ് നൽകുന്നത്. ഇതിൽ 37,500 രൂപയാണ് കേന്ദ്ര ഗവൺമെന്റ് നൽകുന്നത്, ബാക്കി തുക സംസ്ഥാന ഗവൺമെന്റാണ് നൽകുന്നത്. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് അവർക്ക് വല നെയ്യുന്നതിനും റിപ്പയർ ചെയ്യുന്നതിനും വളരെയേറെ പ്രയാസമുണ്ട്. അത് കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്ത് 47 നെറ്റ് മെൻഡിംഗ് യാർഡുകൾ സ്ഥാപിക്കാൻ അംഗീകാരം നൽകി. ഇതിനുവേണ്ടി 16.35 കോടി രൂപയുടെ പദ്ധതി അനുവദിച്ചു, 17 എണ്ണം പൂർത്തീകരിച്ചു കഴിഞ്ഞു. നബാർഡിന്റെ സഹായമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u>: സർ, നെറ്റ് മെൻഡിംഗ് യാർഡുകളുടെ അപര്യാപ്തതമൂലം മത്സ്യത്തൊഴിലാളികൾ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ഇത് പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; മൂവാറ്റുപുഴയിൽ ആധുനിക ഫിഷ് മാർക്കറ്റിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഒരു പദ്ധതി ഞങ്ങൾക്ക് ലഭിച്ചിരുന്നു. അതിന് തുക അപര്യാപ്തമായതിനാൽ എം.എൽ.എ അസറ്റ് ഫണ്ടിൽ നിന്നും 48 ലക്ഷം രൂപയും കൊടുത്തു. അതിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ; ഫിഷ് വാങ്ങുന്ന കാര്യത്തിലാണ് ഞങ്ങൾക്ക് കൂടുതൽ

ബന്ധമുള്ളത്.

ശ്രീ. കെ. ബാബു: സർ, ഈ ചോദ്യവുമായി ബന്ധമില്ല. സംസ്ഥാനത്ത് സ്ഥാപിച്ചുകൊണ്ടിരിക്കുന്ന 41 ആധുനിക ഫിഷറീസ് മാർക്കറ്റുകളിൽ പലതും പൂർത്തിയായി. ചിലതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡാണ് ഇതിന് സഹായം നൽകുന്നത്. കേന്ദ്രത്തിൽ പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതിനുനൽകിയിരുന്ന ഗ്രാന്റ് 90 ശതമാനത്തിൽ നിന്നും 40 ശതമാനമായി വെട്ടിക്കുറച്ചിട്ടുണ്ട്. മൂവാറ്റുപുഴ മാർക്കറ്റിന് തുക അപര്യാപ്തമായതിന്റെ കാരണം ഇത് സമയബന്ധിതമായി പൂർത്തിയാകാത്തതു കൊണ്ടാണ്. അങ്ങനെ വന്നപ്പോൾ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നു. ആ മാർക്കറ്റിനുവേണ്ടി ബഹുമാനപ്പെട്ട എം.എൽ.എ. 50 ലക്ഷം രൂപ നൽകി. ഏതായാലും ഒരു മാസത്തിനകം ആ മാർക്കറ്റ് ഉദ്ഘാടനം ചെയ്യാൻ സാധിക്കും.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, മത്സ്യത്തൊഴിലാളികളിൽ അധികവും കോളനികളിലാണ് താമസിക്കുന്നത്. കോളനികളിൽ ഒരു വീട് പൊളിച്ചാൽ തൊട്ടടുത്ത വീടും പൊളിയും. ഇങ്ങനെയുള്ള വീടുകളിലെ ഒരു വീട്ടിൽ ക്ഷേമനിധിയിൽ അംഗമായിട്ടുള്ള തൊഴിലാളിയും അടുത്ത വീട്ടിൽ മരിച്ചുപോയ

തൊഴിലാളിയുടെ വിധവയോ അല്ലെങ്കിൽ അവരുടെ കുടുംബാംഗങ്ങളോ ആയിരിക്കും. അത്തരം വീടുകൾക്ക് സാമ്പത്തിക സഹായം ലഭിച്ചില്ലെങ്കിൽ ആ വീട് പൂർണ്ണമായും ഇല്ലാതാകും. അതുകൊണ്ട് കോളനികളിൽ താമസിക്കുന്ന, ക്ഷേമനിധി പദ്ധതിയിലില്ലാത്ത ഇത്തരം വീടുകൾക്കുകൂടി സാമ്പത്തിക സഹായം നൽകുവാനുള്ള തീരുമാനം ഗവൺമെന്റ് കൈക്കൊള്ളണം എന്നതാണ് എന്റെ ആവശ്യം. വീട് വയ്ക്കുന്നതിന് നൽകുന്ന 2 ലക്ഷം രൂപ തീരെ അപര്യാപ്തമാണ്. ഒരു ചെറിയ വീട് നിർമ്മിക്കണമെങ്കിൽ തന്നെ നാലോ അഞ്ചോ ലക്ഷം രൂപ വേണം. അതിനാൽ 2 ലക്ഷം രൂപ എന്നത് 3 ലക്ഷം രൂപയായിട്ടെങ്കിലും വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിക്കുമോ എന്നതാണ് ചോദ്യം.

ശ്രീ. കെ. ബാബു: സർ, 2 ലക്ഷം രൂപ അപര്യാപ്തമാണെന്നാണ് ബഹുമാനപ്പെട്ട അംഗം അവസാനം പറഞ്ഞത്. 2 ലക്ഷം രൂപയല്ല വീട് നിർമ്മാണത്തിന് എത്ര രൂപ നൽകിയാലും അപര്യാപ്തമായിരിക്കും. അത് ഓരോരുത്തരെയും ആശ്രയിച്ചിരിക്കും. അങ്ങയുടെ ഗവൺമെന്റ് ഒരു വീടിന് 50000 രൂപയാണ് നൽകിയിരുന്നത്. ആകെ 4000 വീടുകൾക്കാണ് കൊടുത്തത്. ഈ ഗവൺമെന്റ് വന്നതിനുശേഷം അത് 2 ലക്ഷം രൂപയായി ഉയർത്തി. തീർച്ചയായും അങ്ങ് സൂചിപ്പിച്ചതുപോലെ അത് അപര്യാപ്തമാണ്. തുക വർദ്ധിപ്പിക്കുന്ന കാര്യം

ഇപ്പോൾ പരിഗണനയിലില്ല. തീർച്ചയായും അക്കാര്യം പരിഗണിക്കേണ്ടതാണ്, ഇപ്പോൾ വർദ്ധിപ്പിക്കുവാനുള്ള സാദ്ധ്യത കുറവാണ്. കോളനികളുടെ കാര്യത്തിൽ, സംസ്ഥാനത്ത് 68 മത്സ്യത്തൊഴിലാളി കോളനികളുണ്ട്. ആ കോളനികളിലെ ഇരട്ടവീടുകൾ ഒറ്റവീടുകളാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുകഴിഞ്ഞു. അതുപോലെ വാസയോഗ്യമല്ലാത്ത വീടുകൾ റിപ്പയർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കോളനി നവീകരണ പദ്ധതിയുടെ ഭാഗമായി, 556 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുതിയ വീട് നിർമ്മിക്കുന്നതിനും 911 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നിലവിലെ വീട് നവീകരിക്കുന്നതിനും ധനസഹായം നൽകിവരികയാണ്. ഇതിൽ 169 പുതിയ വീടുകളുടെ നിർമ്മാണവും 705 വീടുകളുടെ നവീകരണവും പൂർത്തിയായിക്കഴിഞ്ഞു. ബാക്കിയുള്ളവയുടെ നിർമ്മാണ, നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിനുവേണ്ടി 30 കോടി രൂപ ചെലവാക്കുന്നുണ്ട്. ഇപ്പോൾ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കാണ് പുതിയ വീടിന് സഹായം നൽകുന്നത്. ഇരട്ടവീടുകൾ ഒറ്റവീടുകളാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കാം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, ഇരട്ടവീടുകൾ മാറ്റി

ഒറ്റവീട്ടുകളാക്കുന്നതിന് നടപടി സ്വീകരിച്ച അങ്ങയെ അഭിനന്ദിക്കുകയാണ്. ഇത് വളരെക്കാലം മുമ്പ് ചെയ്യേണ്ടതായിരുന്നു, എങ്കിലും ഇപ്പോൾ ഇത് ആരംഭിച്ചിട്ടുണ്ട്. പക്ഷേ, അതിലുള്ള നിബന്ധനകൾ റിലാക്സ് ചെയ്തില്ലെങ്കിൽ പ്രായോഗികബുദ്ധിമുട്ടുണ്ടാകും. 1970-കളിൽ കോളനികളിലെ വീടുകൾക്ക് അന്ന് ലഭിച്ചത് 4 സെന്റാണ്. 3 കുടുംബമായി മാറുമ്പോൾ ലഭിക്കുന്ന 1.5 സെന്റും ഒരു സെന്റും രജിസ്ട്രേഷനുപോലും ബുദ്ധിമുട്ടാണ്. അതുകൊണ്ട് ഗവൺമെന്റുണ്ടാക്കിയിട്ടുള്ള നിബന്ധനകൾ റിലാക്സ് ചെയ്യുവാനും പ്രായോഗികമായ സമീപനം സ്വീകരിക്കുവാനുമുള്ള നിർദ്ദേശം ഉദ്യോഗസ്ഥന്മാർക്ക് അങ്ങ് നൽകുമോ? ഗവൺമെന്റിന്റെ ഹൈലെവൽ കമ്മിറ്റിയാണ് ഇതുസംബന്ധിച്ച് തീരുമാനമെടുക്കുന്നത്. കടപ്പുറത്ത് എന്താണ് നടക്കുന്നതെന്ന് അവർക്കറിയില്ല. അതുകൊണ്ട് പ്രായോഗികമായ സമീപനത്തോടുകൂടി കോളനികൾ റെനൊവേറ്റ് ചെയ്യുന്നതിനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ?

<u>ശ്രീ. കെ. ബാബു</u>: സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, കോളനികളിൽ പണ്ട് അനുവദിച്ച കിട്ടിയ ആളുകളായിരിക്കില്ല ഇപ്പോൾ താമസിക്കുന്നത്. ഉടമസ്ഥാവകാശം വേറെ ആൾക്കായിരിക്കും. അതുപോലെ വീടുകൾ രണ്ടും മൂന്നും വീടുകളായി മാറിക്കാണും.

ഇവിടെ ചൂണ്ടിക്കാണിച്ച പ്രായോഗിക ബുദ്ധിമുട്ട് ശരിയാണ്. ബഹുമാനപ്പെട്ട അംഗം ഉൾപ്പെടെയുള്ളവരുമായി ചർച്ച ചെയ്തുകൊണ്ട് ഇക്കാര്യത്തിൽ ഏറ്റവും പ്രായോഗികമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, അജാനൂർ മത്സ്യഗ്രാമം പദ്ധതി പ്രകാരം, അവിടെ വീടുകൾക്ക് അപേക്ഷ സമർപ്പിക്കേണ്ട സമയത്ത് നൽകാൻ കഴിയാതെ പോയ ചുരുക്കം ചില ആളുകളുടെ കാര്യത്തിൽ തുടർന്ന് അവരുടെ അപേക്ഷ വാങ്ങുന്നതിനും വീട് നൽകുന്നതിനും വേണ്ടിയുള്ള നടപടിയുണ്ടാകുമോ; അതുപോലെ അജാനൂർ ഫിഷിംഗ് ഹാർബർ സംബന്ധിച്ച് നടത്തുന്ന പഠനത്തിന്റെ ഇപ്പോഴത്തെ യഥാർത്ഥ സ്ഥിതിയെന്താണ്?

<u>ശ്രീ. കെ. ബാബു</u>: സർ, കട്ട് ഓഫ് ഡേറ്റ് വച്ചിട്ടാണ് എല്ലാ വകുപ്പുകളും അപേക്ഷകൾ ക്ഷണിക്കുന്നത്. അതാണ് പ്രായോഗികം. ഏതായാലും ഇക്കാര്യം പ്രത്യേകം പരിശോധിക്കാം. അജാനൂർ ഹാർബറിന്റെ പ്രശ്നം ചൂണ്ടിക്കാണിച്ച, 60 ലക്ഷം രൂപ മുടക്കി അതിന്റെ പഠനം നേരത്തെ നടത്തിയതാണ്. ഇപ്പോൾ പരിസ്ഥിതി പഠനം നടന്നുകൊണ്ടിരിക്കുകയാണ്. ഫിഷറീസ് മേഖലയിൽ ഹാർബറിനും അടിസ്ഥാന സൗകര്യങ്ങൾക്കും വേണ്ടി കേന്ദ്ര ഗവൺമെന്റ് നേരത്തെ നൽകിയിരുന്ന ഗ്രാന്റ് 75 ശതമാനത്തിൽ നിന്ന് 40 ശതമാനമാക്കി

വെട്ടിക്കുറച്ചിരിക്കുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. സംസ്ഥാനങ്ങൾക്ക് കൂടുതൽ പണം നൽകിയെന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. സംസ്ഥാനങ്ങൾക്ക് ഒരു കൈ കൊണ്ട് പണം നൽകുകയും മറു കൈക്കൊണ്ട് തിരിച്ചെടുക്കുകയും ചെയ്യുന്നുവെന്നതാണ് യഥാർത്ഥ വസ്തുത. മൊത്തത്തിൽ നോക്കുമ്പോൾ സംസ്ഥാന ഗവൺമെന്റുകൾക്ക് നഷ്ടമാണുണ്ടായിട്ടുള്ളത്.

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> സർ, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി ഇപ്പോൾ നിൽക്കുന്നത് സി.ആർ.ഇസഡ്. നിയമമാണ്. മത്സ്യത്തൊഴിലാളികളുടെ ഭവനത്തിന് ഇളവ് കൊടുക്കാൻ വേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ സി.ആർ.ഇസഡ്. നിയമത്തിൽമേൽ ഈ നിയമസഭയിൽ നിരവധി തവണ ചർച്ച ചെയ്യുകയും അത് ഐകകണ്ഠേന അംഗീകരിക്കുകയും ചെയ്തതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ഡൽഹിയിൽ പോയി ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെയടക്കം കണ്ടുവെങ്കിലും ഇക്കാര്യത്തിൽ പ്രായോഗികമായ ഒരു തീരുമാനമുണ്ടായിട്ടില്ല. സി.ആർ.ഇസഡ്. നിയമത്തിന്റെ അടിസ്ഥാനത്തിൽ കടലോരത്തും കായലോരത്തും വീടു വയ്ക്കാൻ സാധിക്കാത്ത പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായി സംസ്ഥാന

ഗവൺമെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് പ്രത്യേക നിർദ്ദേശം നൽകുമോ; ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തന്നെയറിയാം, സി.ആർ.ഇസഡ്. നിയമവുമായി ബന്ധപ്പെട്ട് അദ്ദേഹത്തെ സമീപിക്കാത്ത ഒറ്റ രൂപതകളോ സാമൂഹിക-സാമുദായിക സംഘടനകളോ ജനപ്രതിനിധികളോയില്ല. അതിനാൽ ഇക്കാര്യം വളരെ ഗൗരവത്തോടുകൂടി എടുക്കുമെന്ന് വിശ്വസിക്കുകയാണ്. ഇതിനകത്ത് സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

<u>ശ്രീ. കെ. ബാബു</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും പരിസ്ഥിതി വകുപ്പുമന്ത്രിക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഞങ്ങളെല്ലാവരും നിവേദനം നൽകി. അതിന്റെയടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചു - ഡോ. ഷൈലേഷ് നായക് കമ്മിറ്റി. ആ കമ്മിറ്റി കേരളത്തിൽ വന്ന് മസ്കറ്റ് ഹോട്ടലിൽ വച്ച് വിവിധ വകുപ്പുകളുമായി ചർച്ച നടത്തി. ആ ചർച്ചയ്ക്ക് മുമ്പ് എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് മുഖ്യമന്ത്രി ഒരു യോഗം വിളിച്ചുകൂട്ടുകയും എല്ലാ വകുപ്പുകളുടെയും യോജിച്ച ഒരു നിർദ്ദേശം ഷൈലേഷ് നായക് കമ്മിറ്റിയുടെ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്തു. അതിനുശേഷം വീണ്ടും ആ കമ്മിറ്റി ഡൽഹിയിൽ

വച്ച് ഒരു യോഗം ചേർന്നു. ഇവിടെ നിന്ന് ഉദ്യോഗസ്ഥന്മാരുടെ പ്രതിനിധികൾ പങ്കെടുത്തിരുന്നു. ആ പ്രതിനിധികൾ പോകുന്നതിന് തലേദിവസം വീണ്ടും മുഖ്യമന്ത്രി തന്നെ മുൻകൈയെടുത്ത് ഒരു യോഗം വിളിച്ചുകൂട്ടി, നമ്മുടെ അഭിപ്രായം ശക്തമായി പറയാൻ അവർക്ക് നിർദ്ദേശം കൊടുത്തു. അതിനുശേഷവും മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രിയെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞത് മറ്റു സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ലെന്നാണ്. രണ്ടുമാസം മുമ്പ് അദ്ദേഹം കൊച്ചിയിൽ വന്ന സമയത്ത് ഞാൻ അദ്ദേഹവുമായി ചർച്ച നടത്തിയപ്പോൾ പറഞ്ഞത് ഇക്കാര്യത്തിൽ ഉടൻ തന്നെ തീരുമാനമുണ്ടാകുമെന്നാണ്. ഏതാനും ആഴ്ചകൾക്കുള്ളിൽ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനമുണ്ടാകുമെന്നാണ് മനസ്സിലാക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനമാണ്, അതുകൊണ്ട് മനസ്സിലാക്കുന്നതായിട്ടേ എനിക്ക് പറയാൻ സാധിക്കുകയുള്ളൂ. മത്സ്യത്തൊഴിലാളികൾക്ക് കടലോരമേഖലയിൽ നിന്നും കായലോരമേഖലയിൽ നിന്നും 50 മീറ്ററിനു പുറത്ത് വീടുകൾ നിർമ്മിക്കുന്നതിനുള്ള അനുവാദം വേണമെന്ന നിർദ്ദേശമാണ് പ്രധാനമായും നമ്മൾ കൊടുത്തിട്ടുള്ളത്. നിർദ്ദേശത്തിന്റെ പൂർണ്ണരൂപം എന്റെ കൈയിലുണ്ട്. ആവശ്യമാണെങ്കിൽ അങ്ങേയ്ക്ക് നൽകാം. അതോടൊപ്പം ഇവിടെ നിലവിലിരുന്ന

സി.ആർ.ഇസഡ്. നിയമത്തിൽ ഗവൺമെന്റ് റിലാക്സേഷൻ നൽകിയിട്ടുണ്ട്. ആദ്യമുണ്ടായിരുന്ന ഓർഡർ മരവിപ്പിക്കുകയും 50 മീറ്ററിനു പുറത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അതേയളവിൽ തന്നെ വീടുകൾ നിർമ്മിക്കുന്നതിനു അനുവാദം നൽകിക്കൊണ്ടുള്ള സർക്കുലർ ഗവൺമെന്റ് പഞ്ചായത്തുകൾക്ക് അയച്ചിരുന്നു. എന്നാൽ പല പഞ്ചായത്തുകളും ഇതിനു അനുമതി നൽകുന്നില്ല എന്നതാണ് പ്രശ്നം. ഏതായാലും കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം വരുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ കുറച്ചുകൂടി വ്യക്തതയുണ്ടാകുമെന്നാണ് എനിക്ക് അറിയിക്കാനുള്ളത്.

ശ്രീ. സി. കെ. നാണു: സർ, പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ വീട് ലഭിക്കാത്ത ഘട്ടത്തിൽ പല സ്ഥലങ്ങളിൽ നിന്നും കടംവാങ്ങി വീടിന്റെ മുക്കാൽ ഭാഗവും പണിതീർത്തിരിക്കും. പക്ഷേ, പരിശോധനയിൽ വീടിന്റെ മുക്കാൽ ഭാഗവും പണി പൂർത്തീകരിച്ചതുകൊണ്ട് മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ ഫണ്ടിന് അനർഹരാകും. അന്വേഷിച്ച അവസരത്തിൽ, വളരെ കഷ്ടപ്പെട്ട് ചില കുട്ടികളുടെ കല്ല്യാണം വരുന്ന അവസരത്തിൽ അതിനുവേണ്ടി കടം വാങ്ങി ചെയ്ത ചില ഉദാഹരണങ്ങളുണ്ട്. അതുകൊണ്ട് അത്തരത്തിലുള്ള വീടുകൾ മുഴുവിപ്പിക്കാൻ സാധിക്കാത്ത പാവപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സഹായിക്കാനും അതുപോലെ വിധവകളായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുള്ള വീടുകളിലെ

മത്സ്യത്തൊഴിലാളികൾക്കും നിർബന്ധമായും അവർ അപേക്ഷിച്ചാൽ വീട് നൽകുന്നതിനുള്ള സമീപനം സ്വീകരിക്കുമോ?

ശ്രീ. കെ. ബാബു: സർ, വീടില്ലാത്തവർക്ക് വീടുനൽകുന്ന പദ്ധതിയാണിത്. അദ്ദേഹം ചൂണ്ടിക്കാണിച്ചത് പ്രധാനപ്പെട്ട പ്രശ്നമാണ്. പക്ഷേ, ക്ഷേമനിധി ബോർഡിൽ അംഗമായിട്ടുള്ള ആളുകൾക്കാണ് വീട് കൊടുക്കുന്നത്. ക്ഷേമനിധി ബോർഡിൽ അംഗമാണെങ്കിൽ തീർച്ചയായും അത് പരിഹരിക്കും. മറ്റ് മേഖലയിലുള്ള കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതിയുടെ കാര്യത്തിൽ ബഹുദൂരം മുന്നോട്ട് പോയ മന്ത്രിയെ അഭിനന്ദിക്കുകയാണ്. മലപ്പുറം ജില്ലയിൽ അപേക്ഷിച്ച മുഴുവൻ അപേക്ഷകർക്കും വീടുനൽകാൻ കഴിഞ്ഞുവെന്നുള്ള വളരെ അഭിമാനകരമായ അന്തരീക്ഷം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. പുതിയ അപേക്ഷകൾ ക്ഷണിച്ചിട്ടുമുണ്ട്. സി.ആർ.ഇസഡുമായി ബന്ധപ്പെട്ട് ഷൈലേഷ് നായക് കമ്മിറ്റിയുമായി മീറ്റിങ്ങുകൾ നടക്കുന്നുണ്ടെങ്കിലും നമ്മുടെ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയുടെ യോഗത്തിൽവച്ച് സി.ആർ.ഇസഡ് നിയമങ്ങൾ പൂർണ്ണമായി പാലിക്കണമെന്ന നിർദ്ദേശം കളക്ടർമാർക്ക് കൊടുക്കുകയും

കളക്ടർമാർ ആ നിർദ്ദേശം പഞ്ചായത്ത് സെക്രട്ടറിമാർക്ക് കൈമാറുകയും ചെയ്തിരിക്കുകയാണ്. അതുകൊണ്ട് ഇവിടെ ഏത് രീതിയിലുള്ള സർക്കുലറുണ്ടായാലും ചീഫ് സെക്രട്ടറി, കളക്ടർ എന്നിവർ മുഖേന ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർക്ക് കൈമാറുന്ന കാര്യങ്ങളാണ് നടപ്പിലായികൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഏറ്റവും കൂടുതൽ പ്രയാസങ്ങൾ അനുഭവിക്കുന്നത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരാണ്. നൽകുന്ന ഭവനങ്ങൾ നിർമ്മിക്കാൻ കഴിയാത്ത അന്തരീക്ഷമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇക്കാര്യത്തിൽ ഇടപെട്ട് ചീഫ് സെക്രട്ടറിയുമായി ബന്ധപ്പെട്ട് ഈ സർക്കുലർ താഴെക്കിടയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. ബാബു</u>: സർ, ഇവിടെ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കളക്ടർമാർക്ക് കൊടുത്ത നിർദ്ദേശത്തെക്കുറിച്ച് ഇപ്പോൾ എനിക്കറിയില്ല. ഏതായാലും ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. അതോടൊപ്പംതന്നെ ബുധനാഴ്ച ചേരുന്ന മന്ത്രിസഭായോഗത്തിൽ ഇക്കാര്യത്തിൽ കൂടി വ്യക്തതയുണ്ടാകുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, സുനാമി പുനരധിവാസ സമയത്ത്, പല കാരണങ്ങളാൽ സുനാമി വീടുകൾക്ക് അപേക്ഷ കൊടുക്കാതെ

തീരപ്രദേശത്തുതന്നെ താമസിക്കുന്ന ധാരാളം മത്സ്യത്തൊഴിലാളികളുണ്ട്. ഈ അടുത്തകാലത്തുണ്ടായ കടലാക്രമണത്തെത്തുടർന്ന് വീടുകൾ നഷ്ടപ്പെട്ടുപോയത് അങ്ങനെയുള്ള ആളുകൾക്കാണ്. അവർ ഒരു രീതിയിലുള്ള പരിഗണനയും ലഭിക്കാത്ത വീടുകളില്ലാത്ത ആളുകളാണ്. അവരുടെ കാര്യത്തിൽ ഗവൺമെന്റ് മുൻഗണന കൊടുക്കുമോ? സുനാമി വീടുകൾ നിർമ്മിക്കാനായി ആദ്യ ഘട്ടത്തിൽ സെൻട്രൽ ഗവൺമെന്റ് നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻ പോലുള്ള പല ഏജൻസികളെയുമാണ് ഏൽപ്പിച്ചുകൊടുത്തത്. അതിനെത്തുടർന്ന് ഈ വീടുകളെല്ലാം വളരെ ശോചനീയമായ സ്ഥിതിയിലാണ്. അവിടെ സാനിട്ടേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളില്ലാത്തതുകൊണ്ട് ജനങ്ങൾക്ക് ജീവിക്കാൻ പറ്റാത്ത സ്ഥിതിയാണ്. സുനാമി വീടുകളിൽ ഉണ്ടായിരിക്കുന്ന ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നത്; പ്രത്യേകിച്ച് മത്സ്യ വകുപ്പ് ഇക്കാര്യത്തിൽ ഇടപെട്ടുകൊണ്ട് സുനാമി വീടുകളുടെ ദുരന്താവസ്ഥ മനസ്സിലാക്കി അതിന് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുമോ?

<u>ശ്രീ. കെ. ബാബു</u>: സർ, സുനാമി വീടുകൾ ഫിഷറീസ് വകുപ്പിന്റെ പരിധിയിലല്ല. അത് റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കയ്യിലാണ്. റവന്യൂ ഡിപ്പാർട്ടുമെന്റാണ് സുനാമി പ്രവർത്തനങ്ങൾ നടത്തിയത്. ഏതായാലും

കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കാര്യം തീർച്ചയായും ഗവൺമെന്റ് പരിഗണിക്കും. ആലപ്പുഴയിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കിട്ടിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, അദ്ദേഹം അങ്ങനെയൊരു നിർദ്ദേശം നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ വീടുകൾ കടലാക്രമണത്തിൽ നഷ്ടപ്പെട്ടാൽ അവർക്ക് വീണ്ടും വീടുകൾ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുമെന്നുള്ള ഉത്തരവ് ഉടനെതന്നെ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് പുറപ്പെടുവിക്കും. അതുപോലെ, അവിടെയുള്ള മത്സ്യത്തൊഴിലാളികൾക്ക് ടോയ്‌ലറ്റിനുവേണ്ടിയുള്ള അപേക്ഷ നൽകാൻ സാധിക്കും. സുനാമി വീടുകളുടെ ഉടമസ്ഥാവകാശവും നിയന്ത്രണവും റവന്യൂ ഡിപ്പാർട്ടുമെന്റിനാണ്. സംസ്ഥാന ഗവൺമെന്റുതന്നെയാണ് നടപ്പാക്കിയത്.

<u>ശ്രീ. പി. എ. മാധവൻ</u>: സർ, ഭവനനിർമ്മാണ രംഗത്ത് അങ്ങ് സ്വീകരിച്ച വളരെ ജാഗ്രതാപൂർണ്ണമായ നടപടികളെ അഭിനന്ദിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വാടാനപ്പള്ളി ഫിഷർമെൻ കോളനി ഒറ്റ വീടാക്കി മാറ്റുന്നതിനുള്ള തീരുമാനം എടുത്തിരുന്നു. അവിടെ സർക്കാർ കണക്കെടുത്തപ്പോൾ പത്ത് വീടുകൾക്കുപകരം അഞ്ച് വീടുകൾ എന്ന നിലയിലാണ് കണക്ക് പോയത്. മറ്റൊരു കാര്യം നിലവിലുള്ളവ ഒറ്റ വീടുകളാക്കുമ്പോൾ രണ്ട് ലക്ഷം രൂപയ്ക്ക്

ഭവനനിർമ്മാണം അസാദ്ധ്യമാണ്. മൂന്ന് ലക്ഷം രൂപ പട്ടികജാതികാർക്ക് ഭവന നിർമ്മാണത്തിന് കൊടുത്തുകൊണ്ടിരിക്കുന്ന പ്രത്യേകത കൂടി കണക്കിലെടുത്ത് മത്സ്യത്തൊഴിലാളികൾക്കുകൂടി ആ ആനുകൂല്യം കൊടുക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ; ഗവൺമെന്റിന്റെ ബുദ്ധിമുട്ടുകൾ എന്തൊക്കെയായാലും ഇതിനുകൂടി പരിഹാരം കാണണം.

ശ്രീ. കെ. ബാബു: സർ, വാടാനപ്പള്ളിയിലെ വീടുകളുടെ കണക്കെടുത്തപ്പോൾ എന്തെങ്കിലും പിശകുണ്ടായിട്ടുണ്ടെങ്കിൽ വീണ്ടും അവിടെയൊരു സർവ്വെ നടത്താം. പക്ഷേ മത്സ്യത്തൊഴിലാളികളുടെ കാര്യത്തിലാണ് നമുക്ക് തീരുമാനം എടുക്കാൻ സാധിക്കുന്നത്. തുക വർദ്ധിപ്പിക്കുന്ന കാര്യം പറഞ്ഞു. ഇപ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനം വഴി രണ്ടുലക്ഷം രൂപയാണ് നൽകുന്നത്. പട്ടികജാതിക്ഷേമ വകുപ്പാണ് ഈ അടുത്തകാലത്ത് മൂന്ന് ലക്ഷം രൂപയാക്കിയത്. അത്രയും തുക മത്സ്യത്തൊഴിലാളികൾക്കും വർദ്ധിപ്പിക്കാനുള്ള സാമ്പത്തിക പരിമിതികളുണ്ട്. നേരത്തേ അവർക്ക് രണ്ട് ലക്ഷം രൂപയായിരുന്നപ്പോൾ ഇവിടെ അമ്പതിനായിരം രൂപയായിരുന്നു. അതാണ് രണ്ടുലക്ഷം രൂപയായി ഉയർത്തിയത്. അവരുടെ രണ്ട് ലക്ഷം രൂപയാണ് മൂന്ന് ലക്ഷം രൂപയായി ഉയർത്തിയത്. ആ വ്യത്യാസം കൂടി അങ്ങ് ദയവായി മനസ്സിലാക്കണം.

**കരിപ്പൂർ വിമാനത്താവളത്തിലെ വെടിവയ്പ്പ്**

(*302) ശ്രീ. എ. പ്രദീപ്കുമാർ
ശ്രീ. ഇ. പി. ജയരാജൻ
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീ. പി.ടി.എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിലുണ്ടായ വെടിവയ്പ്പും സംഘർഷവും അനുബന്ധ സംഭവങ്ങളും സംബന്ധിച്ച പോലീസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിമാനത്താവളത്തിന്റെയും യാത്രക്കാരുടെയും സുരക്ഷയ്ക്കായി നിലകൊള്ളേണ്ടവർ തമ്മിലുണ്ടായ സംഘർഷത്തിന്റെ കാരണങ്ങൾ എന്തായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) കേന്ദ്രവ്യവസായ സംരക്ഷണ സേനയും എയർപോർട്ട് ജീവനക്കാരും അഗ്നിശമന സേനയും തമ്മിൽ മാസങ്ങളായി നിലനിന്നിരുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാരിന് ഇന്റലിജൻസ് വിഭാഗം നേരത്തെ തന്നെ റിപ്പോർട്ടു നൽകിയിട്ടുണ്ടായിരുന്നോ; ഇതേത്തുടർന്ന് പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടായിരുന്നോ; ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് അവഗണിക്കാൻ കാരണമെന്തായിരുന്നു;

(ഡി) പ്രസ്തുത സംഭവം സംബന്ധിച്ച് സംസ്ഥാന സർക്കാർ വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാനങ്ങൾ വിശദമാക്കാമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ,

(എ) കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിലുണ്ടായ വെടിവയ്പ്പും സംഘർഷവും അനുബന്ധ സംഭവങ്ങളും സംബന്ധിച്ച് കരിപ്പൂർ പോലീസ് സ്റ്റേഷനിൽ 4 കേസുകൾ രജിസ്റ്റർ ചെയ്ത് ഊർജിതമായ അന്വേഷണം നടത്തി വരുന്നു.

(ബി) 10.06.2015 തീയതി രാത്രി ഏതാണ്ട് 09.38 മണിയോടെ കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഡ്യൂട്ടി ചെയ്തിരുന്ന എയർപോർട്ട് അഗ്നിശമന സേനയിലെ ഫയർ സൂപ്പർവൈസർ ശ്രീ. അജികുമാർ എന്ന ഉദ്യോഗസ്ഥൻ ഡ്യൂട്ടിക്കിടയിൽ വിമാനത്താവളത്തിൽ നിന്നും പുറത്തുപോയി തിരിച്ചു പ്രവേശിക്കുന്ന സമയത്ത് എ.ടി.സി. ഗേറ്റിനു സമീപത്തുവച്ചു സുരക്ഷാഡ്യൂട്ടിയിലുണ്ടായിരുന്ന സി.ഐ.എസ്.എഫ്. സബ് ഇൻസ്പെക്ടർ ശ്രീ. സീതാറാം ചൗധരി എന്നയാൾ ടിയാനെ സുരക്ഷാ പരിശോധനയുടെ ഭാഗമായി മെറ്റൽ ഡിക്റ്റക്ടർ ഉപയോഗിച്ച് പരിശോധിക്കുന്നതിനിടയിൽ മെറ്റൽ ഡിക്റ്റക്ടർ ദേഹത്ത് തട്ടി എന്ന് ആരോപിച്ചുകൊണ്ട് വാക്കുതർക്കമുണ്ടാകുകയും ഇത് സി.ഐ.എസ്.എഫ്.

ഭടൻമാരും എയർപോർട്ട് അഗ്നിശമനസേന ഉദ്യോഗസ്ഥരും തമ്മിലുണ്ടായ സംഘർഷത്തിനിടയാക്കുകയും ചെയ്തു.

(സി) ഇത് സംബന്ധിച്ച് ഇന്റലിജൻസ് വിഭാഗം സർക്കാരിന് റിപ്പോർട്ട് ഒന്നുംതന്നെ നൽകിയിട്ടുണ്ടായിരുന്നില്ല. വിമാനത്താവളങ്ങളുടെ ആഭ്യന്തര സുരക്ഷാ ചുമതല പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ സിവിൽ ഏവിയേഷൻ വകുപ്പിന് കീഴിലുള്ള എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിലുള്ള ഏജൻസികൾക്കും കേന്ദ്ര വ്യവസായ സംരക്ഷണ സേനയ്ക്കുമാണ്. ഈ ഏജൻസികൾ തമ്മിൽ എന്തെങ്കിലും ആഭ്യന്തര പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ റിപ്പോർട്ട് ചെയ്യുന്നതും പരിഹാരം കണ്ടെത്തുന്നതും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ തന്നെയാണ്.

(ഡി) ഈ സംഭവത്തെ തുടർന്ന് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനും വിമാനയാത്രികരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടി 16.06.2015-ൽ ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയിലെയും സെൻട്രൽ എക്സൈസ് & കസ്റ്റംസ് വകുപ്പിലെയും കേന്ദ്ര വ്യവസായ സംരക്ഷണ സേനയിലെയും സംസ്ഥാന പോലീസിലെയും ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഉന്നതതല

യോഗം ചേരുകയുണ്ടായി. യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

1. എയർപോർട്ടിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളായ എയർപോർട്ട് അതോറിറ്റി, സി.ഐ.എസ്.എഫ്., കസ്റ്റംസ് & സെൻട്രൽ എക്സൈസ് എന്നിവർക്കിടയിൽ മെച്ചപ്പെട്ട ഏകോപന സംവിധാനം ഉണ്ടാകണം. ജില്ലാ ഭരണകൂടത്തിനേയും ജില്ലാ പോലീസ് മേധാവിയേയും കൂടി ഉൾപ്പെടുത്തി ഈ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. എല്ലാ വിഭാഗങ്ങളുടേയും പരാതി പരിഹരിക്കുന്നതിലേയ്ക്കായി എയർപോർട്ടിലെ വിവിധ ഏജൻസികളുടെ ഏകോപനയോഗങ്ങൾ എല്ലാമാസവും കൃത്യമായി ചേരണം.

3. ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിലേയ്ക്ക് എയർപോർട്ടിനുള്ളിൽ പോലീസ് സ്റ്റേഷൻ/ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്ന വിഷയത്തിൽ കേന്ദ്ര സർക്കാരിനെ സമീപിക്കാൻ തീരുമാനിച്ചു.

4. എയർപോർട്ടിലെ വിവിധ ഏജൻസികളിലെ ജീവനക്കാരുടെ വിവിധ പ്രശ്നങ്ങൾ ഏകോപനസമിതി മുൻപാകെ കൊണ്ടുവന്ന് പരിഹാരം

കാണുന്നതിലേയ്ക്കായി വിമാനത്താവളങ്ങളിലെ അനുയോജ്യമായ സ്ഥലങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കണം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി രേഖാമൂലം നൽകിയിട്ടുള്ള മറുപടി വായിച്ചപ്പോൾ പറഞ്ഞത്, എയർപോർട്ടിലെ സംഘർഷങ്ങളിലേയ്ക്ക് നയിച്ചത് സി.ഐ.എസ്.എഫ്.ലെയും അഗ്നിശമന വിഭാഗത്തിലേയും രണ്ട് ഉദ്യോഗസ്ഥന്മാർ തമ്മിലുള്ള വാക്കുതർക്കമെന്ന നിലയിലാണ്. യഥാർത്ഥത്തിൽ, കഴിഞ്ഞ എത്രയോ നാളുകളായി അവിടെ സംഘർഷത്തിന്റെ അന്തരീക്ഷം പല കാരണങ്ങളായി ഉരുണ്ടുകൂടി വരികയായിരുന്നു. കോഴിക്കോട് എയർപോർട്ട് വലിയ ഒരു ഭീഷണി നേരിടുന്ന സമയമാണ്. അനിശ്ചിതകാലത്തേയ്ക്ക് അടച്ചിടാൻ പോകുന്നു, അതുപോലെ അവിടെ സ്വർണ്ണക്കടത്തും മറ്റ് അധാർമ്മികമായ നടപടികളും നടക്കുന്ന സ്ഥലമെന്ന പ്രതിച്ഛായ പല കാരണങ്ങളാൽ വന്നു. കോഴിക്കോട് എയർപോർട്ട് സംരക്ഷിക്കേണ്ടത് നമ്മുടെ എല്ലാവരുടെയും ആവശ്യമാണ്. ആ നിലയിൽ അതിന്റെയൊരു തകർച്ചയിലേയ്ക്ക് നയിക്കുന്ന, ഇമേജിനെ ബാധിക്കുന്ന ഈ ഒരു സംഭവം വെറും രണ്ട് വ്യക്തികൾ തമ്മിലുള്ള സംഘർഷം വികസിച്ചുവെന്ന നിലയിൽ കാണുന്നതിനുപകരം ഈ ഒരു സംഘർഷത്തിലേയ്ക്ക് നയിച്ച കാരണത്തിലേയ്ക്ക്,

അവിടെ രൂപപ്പെട്ടുവന്ന അരാജക അന്തരീക്ഷത്തിലേയ്ക്ക് പോലീസിന്റെ അന്വേഷണം പോകേണ്ടതല്ലേ; ആ നിയലയിൽ അന്വേഷണം നടത്താൻ പോലീസ് ഉദ്ദേശിക്കുന്നുണ്ടോ; അതിനുള്ള അധികാരം പോലീസിന് കൊടുത്തിട്ടുണ്ടോ എന്നാണറിയേണ്ടത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇതിനകത്ത് ഒരു പ്രശ്നമുള്ളത്, എയർപോർട്ടും എയർപോർട്ടിനകത്തുള്ള ഒരു കാര്യങ്ങളിലും കേരള പോലീസിന് യാതൊരു അധികാരവുമില്ല. സംസ്ഥാന ഇന്റലിജൻസ് ഏജൻസികൾക്ക് അതിനകത്ത് പ്രവേശനം പോലുമില്ല. കേസ്സുണ്ടായാൽ, ക്രമസമാധാന പ്രശ്നമുണ്ടായാൽ കേസ് രജിസ്റ്റർ ചെയ്യുന്നതും അന്വേഷിക്കുന്നതും കേരള പോലീസാണ്. ഇവിടെ മാത്രമല്ല ഇന്ത്യയൊട്ടാകെ എയർപോർട്ട് അതോറിറ്റിയും സി.ഐ.എസ്.എഫും കേന്ദ്രഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. സംഭവം ഉണ്ടാകുമ്പോൾ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കാം എന്നതിനപ്പുറം ഗവൺമെന്റിന് ഇതിനകത്ത് യാതൊരു റോളുമില്ലാത്ത അവസ്ഥയാണ്. ഇത് ശരിയാണെന്നുള്ള അഭിപ്രായം ഗവൺമെന്റിനില്ല. അതുകൊണ്ടാണ് ഇതിനകത്ത് പോലീസ് അക്സസ് ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. ശ്രീ. എ. പ്രദീപ് കുമാർ പറഞ്ഞതുപോലെ സംഭവം തുടങ്ങിയത് രണ്ടുപേർ തമ്മിലുള്ള

വാക്കുതർക്കമാണെങ്കിലും കുറേ നാളുകളായി ഈ വിഭാഗങ്ങൾ തമ്മിലുള്ള അസ്വാരസ്യങ്ങൾ നിലനിന്നിരുന്നുവെന്നത് ശരിയാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, എയർപോർട്ടിന്റെ സംരക്ഷണവും അതിന്റെ ആഭ്യന്തരകാര്യങ്ങളുമൊക്കെ എയർപോർട്ട് അതോറിറ്റിയുടെ അധീനതയിൽ വരുന്നതാണെങ്കിലും കേരള സർക്കാരിന്റെയും കേരളത്തിലെ ജനങ്ങളുടെയും താൽപ്പര്യമാണ് ഈ എയർപോർട്ട് സംരക്ഷിക്കുക എന്നുള്ളത്. അതുകൊണ്ട് കുറെക്കാലമായി അവിടെ നിലനിൽക്കുന്ന അരാജകത്വം അല്ലെങ്കിൽ അധാർമ്മിക ഇടപാടുകൾക്ക് വിരാമമിടാനുള്ള നിലയിലേയ്ക്ക് അന്വേഷണം കൊണ്ടുപോകുമോ? പോലീസ് കൈകാര്യം ചെയ്യുന്നത് സംബന്ധിച്ചുപോലും ചില വിമർശനങ്ങൾ ഉയർന്നുവരുന്നു. ഉദാഹരണത്തിന് പ്രതികളെ കുറച്ചുപേരെ അറസ്റ്റ് ചെയ്ത് കേസ് രജിസ്റ്റർ ചെയ്തു. അവർക്ക് എളുപ്പത്തിൽ ജാമ്യം കിട്ടാവുന്ന നിലയാണ്. അത് തെളിവുകൾ നശിപ്പിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കും. അതിന് സഹായകരമായിട്ടുള്ള സമീപനം സ്വീകരിക്കുന്നു. ശ്രീ. സീതാറാം ചൗധരി എന്ന പോലീസ് ഉദ്യോഗസ്ഥന്റെ കയ്യിലുള്ള റിവോൾവറിൽനിന്നാണ് വെടിയുണ്ട പോയതെന്നു പറയുന്നു. അതുസംബന്ധിച്ച് പോലീസിന്റെ അന്വേഷണമൊന്നും വന്നിട്ടില്ല. അന്വേഷണം തൃപ്തികരമായിട്ടല്ല നടക്കുന്നതെന്നുള്ള ഒരു ആക്ഷേപമുണ്ട്.

അതുകൊണ്ട് അന്വേഷണം കാര്യക്ഷമമായി നടത്താൻ തയ്യാറാകുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായും അന്വേഷണം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകും. ആ കാര്യത്തിൽ യാതൊരു ആശങ്കയും വേണ്ട. വളരെ നല്ല രീതിയിൽ അന്വേഷണം മുന്നോട്ടുപോകുകയാണ്. ശ്രീ. എ. പ്രദീപ്കുമാറിന് അത്തരത്തിലുള്ള എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ ദയവായി അത് കൈമാറണം. ഞാനത് അന്വേഷണ ഉദ്യോഗസ്ഥന്മാർക്ക് നൽകുന്നതാണ്. നിഷ്പക്ഷവും നീതിപൂർവ്വവുമായ ഒരന്വേഷണം ഇക്കാര്യത്തിൽ നടത്തും.

ശ്രീ. ഇ. പി. ജയരാജൻ: സർ, കോഴിക്കോട് എയർപോർട്ടിലുണ്ടായിട്ടുള്ള സംഭവം അങ്ങേയറ്റം ഞെട്ടിപ്പിക്കുന്ന ഭീകര സംഭവമാണ്. പുറത്തുനിന്നുള്ള ഏതെങ്കിലും ഭീകരാക്രമണമല്ല എയർപോർട്ടിലുണ്ടായിട്ടുള്ളത്. എ.ഡി.ജി.പി. നടത്തിയ അന്വേഷണ റിപ്പോർട്ടിൽ സുരക്ഷാ വീഴ്ചയുണ്ടായിട്ടില്ലെന്ന് പറയപ്പെടുന്നു. പുറത്തുനിന്നുള്ള ഭീകരാക്രമണം ഇല്ലെന്നുള്ളത് ശരിയാണ്. ഭീകരാക്രമണങ്ങൾക്ക് സാദ്ധ്യതയുള്ളതായിട്ടാണ് എയർപോർട്ടുകളെല്ലാം കാണുന്നത്. അതനുസരിച്ചുള്ള ഇന്റലിജൻസിന്റെ ജാഗ്രത അവിടെ ഉണ്ടായിട്ടില്ല. എയർപോർട്ട് അതോറിറ്റിയുടെയോ സി.ഐ.എസ്.എഫ്.-ന്റെയോ പ്രശ്നങ്ങളിൽ സംസ്ഥാന ഗവൺമെന്റിന് ഇടപെടാൻ സാധിക്കുകയില്ലെന്ന് പറയുന്നുണ്ടെങ്കിലും പിന്നെ

എങ്ങനെയാണ് എ.ഡി.ജി.പി.-ക്ക് അന്വേഷണം നടത്താൻ സാധിക്കുന്നത്? സി.ഐ.എസ്.എഫ്., ഫയർഫോഴ്സ്, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ എന്നിവിടങ്ങളിൽ എത്രയോ നാളുകളായി ഉരുത്തിരിഞ്ഞുവന്നിട്ടുള്ള അസ്വാരസ്യങ്ങൾ മനസ്സിലാക്കാനും റിപ്പോർട്ട് ചെയ്യാനും നമ്മുടെ ഇന്റലിജൻസിന് ബാദ്ധ്യതയുണ്ട്. അത് നിരീക്ഷിക്കുന്നതിൽനിന്ന് സംസ്ഥാന ഗവൺമെന്റ് ഒഴിഞ്ഞുമാറാൻ പാടുള്ളതല്ല. അതുകൊണ്ട് ഇനിയെങ്കിലും ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കാൻ കേന്ദ്ര ഭരണ പ്രദേശങ്ങളുൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിരീക്ഷണം നടത്താനാവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കാനും സുരക്ഷിതത്വം ഉറപ്പുവരുത്താനും എയർപോർട്ട് പോലെയുള്ള സ്ഥലങ്ങളിൽ പുറത്തുനിന്നുള്ള ആക്രമണങ്ങളുണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് മനസ്സിലാക്കി ഇന്റലിജൻസിനെ ശക്തിപ്പെടുത്താനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. സ്റ്റേറ്റ് ഇന്റലിജൻസിന് അവിടെ യാതൊരു അക്സസുമില്ല. ഐ. ബി. (Intelligence Bureau (India)-യുടെ അക്സസ് ഉണ്ട്. ഐ. ബി. നൽകുന്ന നിർദ്ദേശങ്ങളനുസരിച്ചാണ് സ്റ്റേറ്റ് ഇന്റലിജൻസിന്റെ അല്ലെങ്കിൽ പോലീസിന്റെ പ്രവർത്തനം നടത്തേണ്ടത്. ഇവിടെ സംസ്ഥാന സർക്കാരിന്

യാതൊരു കൺട്രോളും ഇല്ലെന്നുള്ളതാണ് സ്ഥിതി. പക്ഷേ നമ്മുടെ നാട്ടിലാണ് ഈ സംഭവം നടക്കുന്നത്. ഇവിടെ എന്ത് സംഭവിച്ചാലും സംസ്ഥാന ഭരണകൂടത്തിന് ഉത്തരവാദിത്തമുള്ള നിലയിലേയ്ക്ക് വരികയാണ്. എ.ഡി.ജി.പി. അന്വേഷിച്ചതിനെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു. ഞാൻ ആവശ്യപ്പെട്ടിട്ടാണ് എ.ഡി.ജി.പി. അന്വേഷിച്ചത്. ഈ സംഭവമുണ്ടായ ദിവസം രാത്രി മുഴുവൻ സമയവും ഞാനിത് മോണിറ്റർ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. പക്ഷേ അതിനകത്ത് നടക്കുന്ന സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കാൻ നമുക്ക് അക്സസില്ലാത്തതാണ് ഏറ്റവും വലിയ പ്രശ്നം. അതുകൊണ്ടാണ് വിമാനത്താവളത്തിനകത്ത് പോലീസ് സ്റ്റേഷനോ ഔട്ട് പോസ്റ്റോ നൽകണമെന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയോടും സിവിൽ ഏവിയേഷൻ മന്ത്രാലയത്തിനോടും ആവശ്യപ്പെടുന്നത്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, വെടിവയ്പ്പും സംഘർഷങ്ങളുമുണ്ടാകുമ്പോൾ വിമാനത്താവളത്തിനകത്ത് പോലീസിന് ഇടപെടാൻ കഴിയില്ല. പക്ഷേ വെടിവയ്പ്പ് നടന്നത് പുറത്താണെന്നുള്ള വിവരമുണ്ട്. അതിനെ സംബന്ധിച്ച് എന്തെങ്കിലും വിവരം പോലീസിന് ലഭിച്ചിട്ടുണ്ടോ? വിവിധ ഏജൻസികളെ ഏകോപിപ്പിക്കുന്നതിൽ വലിയ ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെന്നാണ്

ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുന്നത്. വിവിധ ഏജൻസികളെ ഏകോപിപ്പിക്കുന്നതിന് എം.പി.-യുടെ അദ്ധ്യക്ഷതയിലുള്ള ഒരു എയർപോർട്ട് അഡ്വൈസറി സമിതിയുണ്ട്. ആ സമിതി യോഗം ചേരാറുണ്ടോ; ഇത്തരം കാര്യങ്ങളിൽ എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇത്തരം കാര്യങ്ങളൊക്കെ കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ളതാണ്. രണ്ട് എ.ഡി.ജി.പി.-മാരോടും (സൗത്ത് ആന്റ് നോർത്ത്) അവരുടെ അധികാരപരിധിയിൽ വരുന്ന എയർപോർട്ടുകളിലെ ഉദ്യോഗസ്ഥന്മാരുടെ യോഗം പീരിയോഡിക്കലായി വിളിച്ച് അവിടത്തെ വിവിധ ഏജൻസികളെ കോ-ഓർഡിനേറ്റ് ചെയ്യാൻ പറഞ്ഞിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന് വലിയ അധികാരമില്ലെങ്കിലും ലാ ആന്റ് ഓർഡർ കേരള പോലീസിൽ നിക്ഷിപ്തമായതുകൊണ്ടാണ് ഇത്തരം നിർദ്ദേശം നൽകിയിട്ടുള്ളത്.

<u>ശ്രീ. പി. റ്റി. എ. റഹീം</u>: സർ, വളരെ തന്ത്രപ്രധാനമായ ഒരു സ്ഥലത്താണ് സുരക്ഷാ ചുമതല നൽകിയിരിക്കുന്ന രണ്ട് വിഭാഗം ഉദ്യോഗസ്ഥന്മാർ കൃത്യവിലോപം കാണിച്ചിരിക്കുന്നത്. ഈ കാര്യത്തിൽ കേരള പോലീസിന് അവിടെ അക്സസില്ല, ഒന്നും ചെയ്യാനില്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. പൊതുമുതൽ നശിപ്പിച്ച ആളുകൾക്ക് ജാമ്യം കൊടുക്കണമെങ്കിൽ

തത്തുല്യമായ സംഖ്യ കെട്ടിവയ്ക്കണമെന്ന് ഹൈക്കോടതി ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കേസിൽ ജാമ്യം കൊടുക്കുന്നതിന് എന്തെങ്കിലും ഇളവ് കൊടുത്തിട്ടുണ്ടോ; പ്രോസിക്യൂഷനിൽ എന്ത് നിലപാടാണ് സ്വീകരിച്ചത്; പ്രോസിക്യൂഷൻ അങ്ങനെ നിലപാട് സ്വീകരിച്ചതിന് ഗവൺമെന്റിന് അംഗീകാരമുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അത് കേസുമായി ബന്ധപ്പെട്ട് കോടതിയുടെ പരിഗണനയിലിരിക്കുന്ന കാര്യങ്ങളാണ്. നിയമപരമായ നിലയിൽമാത്രമെ അവർക്ക് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, കേന്ദ്ര വ്യവസായ സംരക്ഷണ സേനയിലെ ഭടന്മാരുടെ പെരുമാറ്റം വളരെ മോശമാണ്. ഈ സംഭവമുണ്ടായപ്പോൾ കേരളത്തിലെ ഒരു എം. പി. അദ്ദേഹത്തിനുണ്ടായ അനുഭവം ദൃശ്യമാധ്യമങ്ങളോട് പറയുകയുണ്ടായി. ഇവർക്ക് മലയാളം അറിയില്ലെന്നുമാത്രമല്ല ഇംഗ്ലീഷ് ഭാഷതന്നെ അറിയില്ല. ജനപ്രതിനിധികളോടുപോലും വളരെ അപമര്യാദയായിട്ടാണ് ഇവർ പെരുമാറുന്നത്. ഇതുപോലെയുള്ള തന്ത്രപ്രധാനമായ സ്ഥലങ്ങളിൽ ഡ്യൂട്ടി ഏൽപ്പിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ പരിശീലനമില്ല എന്നാണ് ഇത് തെളിയിക്കുന്നത്. ഒരു ചെറിയ സംഭവമുണ്ടാകുമ്പോൾ പൊതുമുതൽ വരെ അടിച്ചുതകർക്കുന്ന

ഇത്തരത്തിലുള്ള മാനസിക വൈകൃതങ്ങളുള്ളവരെ ഇനിയും ഇത്തരത്തിലുള്ള ജോലി ഏൽപ്പിക്കാതിരിക്കാൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇന്ത്യയിലെ എല്ലാ ഏയർപോർട്ടുകളുടെയും നിയന്ത്രണം എയർപോർട്ട് അതോറിറ്റിക്കും സി.ഐ.എസ്.എഫ്. (Central Industrial Security Force)-നുമാണ്. സംസ്ഥാന ഗവൺമെന്റിന് അത് മാറ്റാൻ കഴിയില്ല. കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനമനുസരിച്ചുമാത്രമെ അക്കാര്യത്തിൽ നടപടിയുണ്ടാകൂ.

ശ്രീ. എളമരം കരീം: സർ, എയർപോർട്ട് അതോറിറ്റി സ്റ്റാഫ്, സി.ഐ.എസ്.എഫ്., ഇന്റലിജൻസ് ബ്യൂറോ, കേരള പോലീസ്, കോൺട്രാക്ട് വർക്കേർഴ്സ് എന്നീ വ്യത്യസ്ത ഏജൻസികളാണ് എയർപോർട്ടിലുള്ളത്. അവിടെ ഒരു ഇഷ്യൂ ഉണ്ടാകുമ്പോൾ ഓൺ ദി സ്പോട്ടിൽ കോ-ഓർഡിനേറ്റ് ചെയ്യാനുള്ള ഒരു ഉദ്യോഗസ്ഥൻ വേണ്ടേ? എം. പി. കമ്മിറ്റി എന്നുപറയുന്നത് ഡിലേയാകുന്ന ഒരു പ്രോസസ്സാണ്. അങ്ങനെയുള്ള ഒരു സംവിധാനത്തെക്കുറിച്ച് കേന്ദ്ര ഗവൺമെന്റുമായി ആലോചിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ആഭ്യന്തര വകുപ്പുസെക്രട്ടറി ഇക്കാര്യം

കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതും വിവിധ ഏജൻസികളെ കോ-ഓർഡിനേറ്റ് ചെയ്ത് പ്രശ്നങ്ങളുണ്ടാകാതെ നോക്കേണ്ടതും കേന്ദ്രഗവൺമെന്റാണ്. ഈ സംഭവത്തിനെത്തുടർന്ന് കേന്ദ്രഗവൺമെന്റ് ശ്രദ്ധിക്കുമെന്ന് ഞങ്ങൾ കരുതുകയാണ്. സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞതുപോലെ, കോഴിക്കോട് വിമാനത്താവളത്തിലെ സംഭവങ്ങളുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനപ്പെട്ടത് കോ-ഓർഡിനേഷന്റെ പ്രശ്നമാണ്. ഏത് നിയമവും എത്ര കർക്കശമായി നടപ്പിലാക്കേണ്ട നിയമമാണെങ്കിലും അതൊരു നല്ല പെരുമാറ്റത്തിലൂടെ ചെയ്യുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ സി.ഐ.എസ്.എഫ്.-ന്റെ പെരുമാറ്റം വളരെയധികം മോശമായിട്ടാണ് കാണപ്പെടുന്നത്. വളരെ ബുദ്ധിമുട്ടുകൾ എല്ലാവർക്കുമുണ്ട്. എയർപോർട്ട് ഡയറക്ടറാണ് അത് കോ-ഓർഡിനേറ്റ് ചെയ്യേണ്ടത്. എയർപോർട്ട് ഡയറക്ടർ, അവിടെയുള്ള എല്ലാ ഫോഴ്സസിനെയും ഏജൻസികളെയും കോ-ഓർഡിനേറ്റ് ചെയ്യുകയെന്ന ജോലി ഭംഗിയായി നിർവ്വഹിക്കാത്തത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. എയർപോർട്ടുമായി ബന്ധപ്പെട്ട കാര്യങ്ങളധികവും

കേന്ദ്രഗവൺമെന്റിന്റെ അധീനതയിലാണെങ്കിലും ഇതുസംബന്ധിച്ച കാര്യങ്ങൾ കൂടിയാലോചിക്കുന്നതിന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി താമസിയാതെ കോഴിക്കോട് എയർപോർട്ടിൽ ഒരു യോഗം വിളിച്ചുചേർക്കണമെന്ന് വിനീതമായി ഞാൻ അപേക്ഷിക്കുകയാണ്. അങ്ങനെ ഒരു യോഗം വിളിച്ച് ചേർക്കുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കോഴിക്കോട് എയർപോർട്ടിൽ മാത്രമല്ല മൂന്ന് ഇന്റർനാഷണൽ എയർപോർട്ടുകളിലും എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ വിവിധ കസ്റ്റംസ് വകുപ്പുകൾ, ഇന്റലിജൻസ് ബ്യൂറോ, എയർപോർട്ട് അതോറിറ്റി, സിവിൽ ഏവിയേഷൻസ് ഡിപ്പാർട്ടുമെന്റ്, അഗ്നിശമന വിഭാഗം എന്നിവയെക്കൂടി കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് പീരിയോഡിക്കലായി മീറ്റിംഗ് വിളിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ പ്രാരംഭ നടപടിയെന്ന നിലയിൽ എന്റെ നിർദ്ദേശമനുസരിച്ചാണ് ഹോം സെക്രട്ടറി യോഗം വിളിച്ചത്. പീരിയോഡിക്കലായി ഇനിയും ഇത്തരം യോഗങ്ങൾ ചേരുന്നതാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u> സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ മറുപടിയിൽ ഒരു കാര്യം വ്യക്തമാണ്. ഇന്റലിജൻസ് സംവിധാനം വളരെ ഗുരുതരമായി പരാജയപ്പെട്ടിരിക്കുകയാണ്. ജില്ലാ ഭരണകൂടത്തിന് ഈ കാര്യങ്ങളിൽ എന്തെങ്കിലും നിയന്ത്രണമുണ്ടോ; കാരണം അത് ഒറ്റപ്പെട്ട സംഭവം ആയിരുന്നില്ല.

കഴിഞ്ഞ കുറെ മാസങ്ങളായി നടന്നുകൊണ്ടിരുന്ന വ്യത്യസ്ത വിഭാഗങ്ങളുടെ സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്നതിൽ ഇന്റലിജൻസ് സംവിധാനം പരാജയപ്പെട്ടു എന്നു പറയുമ്പോൾ, ഇക്കാര്യത്തിൽ ഐ.ബി., റോ എന്നിവയൊക്കെ പ്രവർത്തിക്കുന്നുണ്ട്. സ്പെഷ്യൽ ബ്രാഞ്ച് പോലീസിലും ഇതിനുള്ള സംവിധാനമുണ്ട്. ഇന്റലിജൻസ് സംവിധാനം ഇല്ലായെന്ന് പറയുന്നതിൽ അർത്ഥമില്ല. ജില്ലാ ഭരണകൂടത്തിന് ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുമായിരുന്ന കാര്യങ്ങൾ ചെയ്തില്ല എന്ന വിഷയം നിലനിൽക്കുന്നില്ലേ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ജില്ലാഭരണകൂടത്തിന് യാതൊന്നും ചെയ്യാൻ കഴിയില്ല. ഈ സംഭവം ഉണ്ടായപ്പോൾ നമ്മൾ സ്വമേധയാ എയർപോർട്ടിന്റെ നിയന്ത്രണം ഏറ്റെടുക്കുകയാണ് ചെയ്തത്. കേരളാ പോലീസും ജില്ലാ ഭരണകൂടവും ശക്തമായി പ്രവർത്തിച്ചതുകൊണ്ടാണ് കൂടുതൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരുന്നത്. ഇത് ഒരു പ്രശ്നം തന്നെയാണ്. ഇത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തും. നമുക്ക് യാതൊരു റോളും അതിനകത്തില്ല. പൂർണ്ണമായും അത് കേന്ദ്രഗവൺമെന്റിന്റെയും എയർപോർട്ട് അതോറിറ്റിയുടെ ഓഫ് ഇന്ത്യയുടെയും നിയന്ത്രണത്തിലുള്ള സ്ഥാപനമാണ്. ഇത് ഒരു പ്രശ്നമായി ഉയർന്നുവന്ന സാഹചര്യത്തിൽ ഇതിൽ സംസ്ഥാന ഭരണകൂടത്തിനും ജില്ലാഭരണകൂടത്തിനും

കേരള പോലീസിനും ഉള്ള റോൾ നിർവ്വചിക്കപ്പെടണം എന്നുള്ളത് അനിവാര്യമായ കാര്യമാണ്. ഇത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കഴിഞ്ഞ കുറെ കാലമായി കരിപ്പൂർ വിമാനത്താവളത്തിൽ നടക്കാൻ പാടില്ലാത്ത കാര്യങ്ങൾ നടന്നതിന്റെ ഒടുവിലത്തെ സംഭവമാണ് അന്നുണ്ടായ സംഘർഷം. ഇന്റലിജൻസ് വീഴ്ചയാണെന്നല്ലേ അത് ചൂണ്ടിക്കാണിക്കുന്നത്. ആ ഇന്റലിജൻസ് വീഴ്ച കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; തന്ത്രപ്രധാനമായ വിമാനത്താവളം പോലുള്ള പ്രദേശങ്ങളിൽ ഇന്റലിജൻസ് വീഴ്ച ഉണ്ടായത് ഗുരുതരമായ പ്രശ്നമായി ഗവൺമെന്റ് കാണുന്നുണ്ടോ; അതേ ഗൗരവത്തിൽ അത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാൻ ശ്രമിച്ചിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായും അത് ചെയ്തിട്ടുണ്ട്. എന്നുമാത്രമല്ല എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയുടെയും സി.ഐ.എസ്.എഫ്.-ന്റെയും ഉന്നത ഉദ്യോഗസ്ഥന്മാർ സ്ഥലം സന്ദർശിക്കുകയും വസ്തുതകൾ വിലയിരുത്തുകയും അവർക്ക് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ള കാര്യമാണ്. ഏതായാലും ഇക്കാര്യം കേന്ദ്ര സിവിൽ ഏവിയേഷൻ വകുപ്പിനെ ബോധ്യപ്പെടുത്താനുള്ള ശ്രമം ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്.

കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടി

(T*303) ശ്രീ. ജി. സുധാകരൻ:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതികളിൽ വർഷങ്ങളായി കേസ്സുകൾ തീർപ്പാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) നീതി വൈകുന്നത് മൂലമുണ്ടാകാവുന്ന പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) വിവിധ തലങ്ങളിൽ അദാലത്തുകളും മറ്റും നടത്തിയാൽ പരിഹരിക്കാൻ കഴിയുന്ന കേസ്സുകൾ വർഷങ്ങളായി കെട്ടിക്കിടക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഗ്രാമകോടതികൾ സ്ഥാപിക്കുന്നതടക്കം കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; കേസ്സുകൾ തീർപ്പാക്കുന്നത് ത്വരിതപ്പെടുത്താൻ വേണ്ട അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ വീഴ്ച വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 31.03.2015-ലെ കണക്കുപ്രകാരം ഹൈക്കോടതിയിൽ 1,47,866 കേസുകളും കീഴ്ക്കോടതികളിൽ 13,27,828 കേസ്സുകളും തീർപ്പാകാതെ കെട്ടിക്കിടപ്പുണ്ട്.

കോടതികളിൽ കേസ് തീർപ്പാക്കുന്നതിനു ഒഴിച്ചുകൂടാനാകാത്ത കാലതാമസം, കൂടാതെ വർദ്ധിച്ചുവരുന്ന വ്യവഹാരങ്ങളുടെ എണ്ണവും കേസുകൾ തീർപ്പാകാതെ കിടക്കുന്നതിനു കാരണമാണ്. കെട്ടികിടക്കുന്ന കേസുകൾ ധ്രുതഗതിയിൽ തീർപ്പാക്കുന്നതിനും പൊതുജനങ്ങൾക്ക് ആയതുമൂലം ബുദ്ധിമുട്ടനുഭവിക്കാതിരിക്കാനുമായി ഈ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജുഡീഷ്യറിയുടെ പ്രസക്തി കണക്കിലെടുത്ത് സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് തസ്തികകൾ ഉൾപ്പെടെ കോടതികൾ ആരംഭിക്കുകയും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

1. താൽക്കാലിക അടിസ്ഥാനത്തിൽ ആരംഭിച്ച 38 അതിവേഗ കോടതികളെ സ്ഥിരം കോടതികളാക്കി.

2. തസ്തികകൾ ഉൾപ്പെടെ 10 കുടുംബകോടതികൾ ആരംഭിച്ചു.

3. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങളും കുറ്റകൃത്യങ്ങളും സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി

എറണാകുളത്ത് പ്രത്യേക കോടതി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്തും കോഴിക്കോട്ടും ആരംഭിക്കുന്നതിനു ഭരണാനുമതിയും തത്ത്വത്തിൽ അനുമതിയും നൽകിയിട്ടുണ്ട്. മുൻഗണനാ ക്രമമനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് ഇവയുടെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

4. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിനായി മഞ്ചേരി, മാനന്തവാടി എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ പ്രവർത്തിച്ചു വരുന്നുണ്ട്. 06.06.2015 മുതൽ കൊട്ടാരക്കരയിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പാലക്കാട് കോടതി ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങളൊരുക്കി ഹൈക്കോടതി ശുപാർശ നൽകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

5. ഇതുകൂടാതെ വ്യവഹാരികളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും കേസ്സുകൾ ധ്രുതഗതിയിൽ തീർപ്പാക്കുന്നതിനുമായി 13-ാം ധനകാര്യകമ്മീഷന്റെ ധനം വിനിയോഗിച്ച് 27 താൽക്കാലിക ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ ആരംഭിക്കുകയും പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്.

6. ഇവ കൂടാതെ എറണാകുളത്ത് തസ്തികകൾ ഉൾപ്പെടെ അഡീഷണൽ സി.ബി.ഐ. കോടതിയും ആരംഭിക്കുകയുണ്ടായി.

7. 19.01.2013-ന് ബഹു. ചീഫ് ജസ്റ്റിസുമായി നടന്ന യോഗത്തിലെ തീരുമാനപ്രകാരം മജിസ്ട്രേറ്റ് കോടതികളുടെ സുഗമമായ നടത്തിപ്പിനായി 224 ക്ലാർക്ക് തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി.

(സി) കീഴ്ക്കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നിരീക്ഷിക്കുകയും കെട്ടിക്കിടക്കുന്ന കേസ്സുകൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടി കൈക്കൊള്ളാറുമുണ്ട്. കേസ്സുകൾ തീർപ്പാക്കുന്നതിന് Special list system, unit system, target fixation എന്നീ രീതി നടപ്പിലാക്കി വരുന്നുണ്ട്. കാലപ്പഴക്കം ചെന്ന കേസ്സുകൾ, മുതിർന്ന പൗരന്മാർ, വിചാരണ തടവുകാർ, പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗം എന്നീ ഗണത്തിൽപ്പെടുന്ന കേസ്സുകൾ തീർപ്പാക്കുന്നതിന് മുൻഗണന നൽകാറുണ്ട്. 13-ാം ധനകാര്യകമ്മീഷന്റെ ഫണ്ട് ഉപയോഗിച്ച് 27 താൽക്കാലിക ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ വിവിധ ജില്ലകളിലായി കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിലേയ്ക്കായി തസ്തികകൾ സഹിതം അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ സംബന്ധിച്ച കേസ്സുകൾ വിചാരണ ചെയ്യുന്നതിനായി പ്രത്യേക കോടതികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെതന്നെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കേസുകൾ

കേൾക്കുന്നതിനായും പ്രത്യേക കോടതികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാം പുറമെ KELSA ഇവിടെയും ഹൈക്കോടതിയുടെയും ആഭിമുഖ്യത്തിൽ അദാലത്തുകളും സംഘടിപ്പിച്ചുവരുന്നു. കോടതിയുടെ പ്രവർത്തനം സുഗമവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി വ്യവഹാരികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ആയതിന്റെ പുരോഗതി വിലയിരുത്തുന്നതിനും വേണ്ടി ഹൈക്കോടതി ജഡ്ജിമാരടങ്ങിയ രണ്ട് കമ്മിറ്റികൾ ഹൈക്കോടതി രൂപീകരിച്ചിട്ടുണ്ട്.

(ഡി) 01.03.2011-ലെ സ.ഉ.(കൈ) നമ്പർ 86/2011/ആഭ്യന്തരം പ്രകാരം 30 ബ്ലോക്ക് പഞ്ചായത്തുകളിൽ ഗ്രാമന്യായാലയം സ്ഥാപിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഗ്രാമന്യായാലയങ്ങൾ പ്രവർത്തിക്കാനാവശ്യമായ സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് ഹൈക്കോടതി അനുമതിയോടെ ഗ്രാമന്യായാലയങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. 8 സ്ഥലങ്ങളിൽ കെട്ടിടം കണ്ടെത്തുകയും 20.11.2014-ലെ സ.ഉ.(സാധാ) നമ്പർ 3016/14/തസ്വഭവ പ്രകാരം ഇവയുടെ കൈവശാവകാശം ഹൈക്കോടതി രജിസ്ട്രാർക്ക് നൽകുകയുണ്ടായി. തുടർന്ന് 6 സ്ഥലങ്ങളിൽ കൂടി കെട്ടിടം കണ്ടെത്തി തദ്ദേശസ്വയംഭരണ വകുപ്പിനെ അറിയിക്കുകയും അവയുടെ കൈവശാവകാശം ഹൈക്കോടതി രജിസ്ട്രാർക്ക്

നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ആവശ്യപ്പെടുകയുണ്ടായി. കൈവശാവകാശം ലഭിച്ച കെട്ടിടങ്ങളിൽ കോടതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കി സർക്കാരിനോട് ഹൈക്കോടതി ശുപാർശ ചെയ്യുന്നമുറയ്ക്ക് കോടതിയുടെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്. മറ്റ് സ്ഥലങ്ങളിൽ കോടതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് റവന്യൂ/തദ്ദേശസ്വയംഭരണ വകുപ്പിനോട് കെട്ടിടം കണ്ടെത്തി നൽകുവാൻ ആവശ്യമായ നിർദ്ദേശവും നൽകിയിട്ടുണ്ട്.

19.09.2014-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം 31.03.2015 മാർച്ച് വരെ പുതിയ തസ്തികകൾ അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. സർക്കാരിന്റെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് അത്യാവശ്യ സന്ദർഭങ്ങളിൽ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പുതിയ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണക്കാറുണ്ട്.

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, കേരളത്തിലെ ആഭ്യന്തര വകുപ്പുമന്ത്രിക്കുപോലും ഐ.പി.എസ്. ഉദ്യോഗസ്ഥന്മാരുടെ മുന്നിൽ രക്ഷയില്ലാത്ത അവസ്ഥ വന്നിരിക്കുകയാണ്. ഇന്നത്തെ പത്രം കണ്ടാൽ അതാണ് മനസ്സിലാകുന്നത്. ഇവിടെ വർഗ്ഗീയ കലാപം ഉണ്ടാക്കുന്നതിനുവേണ്ടി ആഹ്വാനം ചെയ്ത

തൊഗാഡിയുടെ കേസ് മുഖ്യമന്ത്രി ഇടപെട്ടാണ് പിൻവലിച്ചത്. എം.ജി. കോളേജിലുണ്ടായ സംഭവത്തിൽ ഒരു സർക്കിൾ ഇൻസ്പെക്ടർ ഏതാണ്ട് 60 ശതമാനം മരിച്ചു. ആ കേസ് ആർ.എസ്.എസ്.-കാർക്കുവേണ്ടി അങ്ങ് പിൻവലിച്ചുകൊടുത്തു. ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ താങ്കളുടെ പിൻമഗാമികളായ കെ.എസ്.യു.-ക്കാർ കരിഓയിൽ ഒഴിച്ച് അപമാനിച്ച കേസും അങ്ങ് പിൻവലിച്ചു. ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. സി.പി. നായർ ഒരു അമ്പലത്തിൽപ്പോയി അവിടെത്തെ കള്ളത്തരം കണ്ടുപിടിക്കുന്നതിനുവേണ്ടി ശ്രമിച്ചപ്പോൾ അദ്ദേഹത്തെ കൊല്ലാൻ ശ്രമിച്ച കേസും അങ്ങ് ഇടപെട്ട് പിൻവലിച്ചു. ഇത്തരം കേസുകളൊക്കെ പിൻവലിക്കുന്നതിന്റെ ഉറവിടം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. അങ്ങ് ഈ കാര്യങ്ങളെല്ലാം ചെയ്യുന്നതുകൊണ്ടാണ് ഇന്നലെ ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് ഈ അനുഭവം ഉണ്ടായത്. എന്തുമാകാം എന്നുള്ള സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നു.

<u>മി. സ്പീക്കർ:</u> .....യെസ്...പ്ലീസ്.... പ്ലീസ്...... ചോദ്യത്തിലേക്ക് വരൂ....

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, ഞാൻ ചോദിക്കുന്നത് സംസ്ഥാനത്ത് ഏതാണ്ട് 4361 വിചാരണത്തടവുകാർ ഉണ്ട്. അവരുടെ വിചാരണ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള നടപടിയും.... നേരത്തെതന്നെ പല ഘട്ടങ്ങളിലും...

<u>മി. സ്പീക്കർ:</u> .......യെസ്.... യെസ്.... ശ്രീ. വി. ശിവൻകുട്ടി.... പ്ലീസ്...പ്ലീസ്... ചോദ്യം മാത്രം ചോദിക്കണം.

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, പ്രധാനമായും ഗ്രാമീണ കോടതികൾ തുടങ്ങും എന്ന് നേരത്തെ പ്രഖ്യാപിച്ചിരുന്നു. ഈ കാര്യങ്ങളെ സംബന്ധിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം?

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, തൊഗാഡിയയുടെ കേസ് ഗവൺമെന്റ് പിൻവലിച്ചു എന്നാണ് ശ്രീ. വി. ശിവൻകുട്ടി പറഞ്ഞത്. തൊഗാഡിയയുടെ പേരിലുള്ള കേസ് കോടതി ഡിസ്ചാർജ്ജ് ചെയ്യുകയാണ് ചെയ്തത്. ......(ബഹളം)....... കേസ് പിൻവലിക്കുന്നതിന് ഗവൺമെന്റിന്റെ സമ്മതം അറിയിക്കുക മാത്രമാണ് ചെയ്തത്. .....(ബഹളം)....... തൊഗാഡിയയുടെ കേസ് കോടതി ഡിസ്ചാർജ്ജ് ചെയ്തതാണ്. മറ്റു കേസ്സുകളുടെ കാര്യത്തിൽ സമ്മതം മാത്രമാണ് അറിയിക്കുന്നത്. കോടതി പരിശോധിച്ച് ആ കേസ് പിൻവലിക്കാൻ അനുവദിക്കുകയോ അനുവദിക്കാതിരിക്കുകയോ ചെയ്യാറുണ്ട്. അത് കോടതിയുടെ തീരുമാനപ്രകാരമാണ്. ഗവൺമെന്റിന്റെ മുമ്പിൽ വരുന്ന കാര്യങ്ങൾ പരിശോധിച്ച് കേസ് പിൻവലിക്കേണ്ടതാണ് എന്ന് ബോധ്യം വന്നാൽ ഗവൺമെന്റ് സമ്മതം കോടതിയെ അറിയിക്കും. കോടതിയുടെ അനുമതിയോടുകൂടി മാത്രമേ കേസ്

പിൻവലിക്കാൻ സാധിക്കുകയുള്ളൂ. .....(ബഹളം)....... ഇവിടെ കാലാകാലങ്ങളിൽ ഭരിച്ചിരുന്ന എല്ലാ ഗവൺമെന്റുകളും ചെയ്തത് ഇതാണ്. ഈ ഗവൺമെന്റ് പുതുതായി ഏർപ്പെടുത്തിയ ഒരു നിയമമൊന്നും അല്ല. കഴിഞ്ഞ ഗവൺമെന്റും.......... (ബഹളം)......

മി. സ്പീക്കർ: ബഹുമാനപ്പെട്ട വി. എസ്. സുനിൽകുമാർ വേണമെങ്കിൽ ഉപചോദ്യം തരാം. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, അങ്ങേയ്ക്ക് വേണമെങ്കിൽ ഉപചോദ്യം ചോദിക്കാം. .... യെസ്... യെസ്... പ്ലീസ്.. പ്ലീസ്.. ഉപചോദ്യം വേണമെങ്കിൽ അനുവദിക്കാം. ബഹുമാനപ്പെട്ട എ. കെ. ബാലൻ, അങ്ങേയ്ക്ക് ഉപചോദ്യം വേണമെങ്കിൽ അനുവദിക്കാം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇവിടെ വിചാരണ കേസുകൾ ഏറ്റവും വേഗത്തിലാക്കണം എന്ന് അങ്ങ് പറഞ്ഞു. അതിനുവേണ്ടിയുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട കോലിയക്കോട് എൻ. കൃഷ്ണൻ നായർ, അങ്ങ് ഒരു സീനിയർ മെമ്പറാണ്. ഇത് ശരിയല്ല...... ഇങ്ങനെ ചോദിക്കരുത്. ശ്രീ. വി. ശിവൻകുട്ടിയെ ഇങ്ങനെ തടസ്സപ്പെടുത്തരുത്. പ്ലീസ്.... പ്ലീസ്.......(ബഹളം)...

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ ആദ്യം ചോദിച്ച കാര്യത്തിന് അദ്ദേഹം

മറുപടി പറഞ്ഞില്ല. ഇന്നലെ ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയ്ക്കുണ്ടായ അനുഭവത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പ്രത്യേക നിർദ്ദേശം വല്ലതും കൊടുത്തിട്ടാണോ അത് നടന്നതെന്ന് സംബന്ധിച്ച് ഒന്നും പറഞ്ഞില്ല. തൊഗാഡിയയുടെ കേസ് പിൻവലിച്ചുവെന്ന് അദ്ദേഹം ഇവിടെ സമ്മതിച്ചു. അതുപോലെ എം.ജി. കോളേജിൽ ഒരു സർക്കിൾ ഇൻസ്പെക്ടറെ 60 ശതമാനം കൊലചെയ്ത ആർ.എസ്.എസ്.-കാരന്റെ പേരിലുള്ള കേസ് പിൻവലിച്ചതും ശ്രീ. ഉമ്മൻചാണ്ടിക്ക് ആർ.എസ്.എസ്.-കാരുമായുള്ള അവിശുദ്ധ ബന്ധമാണ് വെളിപ്പെടുത്തുന്നത്. ഞാൻ സൂചിപ്പിച്ചത്, ഒരു കേസ് പിൻവലിക്കുന്നതിന് ഞങ്ങൾക്കെതിരില്ല എന്ന് സംസ്ഥാന ഗവൺമെന്റ് കോടതിയിൽ പറഞ്ഞാൽ മാത്രമേ കോടതി കേസ് പിൻവലിക്കുകയുള്ളൂ. അതല്ലാതെ സ്വയംതന്നെ കോടതി ഒരു കേസ് പിൻവലിക്കുവാൻ തയ്യാറാവില്ല. അതാണ് പ്രശ്നം. ആർ.എസ്.എസ്.-കാരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയും അവർക്ക് സംരക്ഷണം കൊടുക്കുന്നതിനുവേണ്ടിയും ആർ.എസ്.എസ്.-കാരുടെ പിന്തുണ ലഭിക്കുന്നതിനുവേണ്ടിയും തൊഗാഡിയയുടെ കേസ് പിൻവലിക്കാൻ സന്നദ്ധമാണെന്നും, എം.ജി. കോളേജിൽ സർക്കിൾ ഇൻസ്പെക്ടറെ കൊലചെയ്യാൻ ശ്രമിച്ച കേസ് പിൻവലിക്കാൻ തയ്യാറാണെന്നും കേരളത്തിലെ ചീഫ്

സെക്രട്ടറിയായിരുന്ന ശ്രീ. സി.പി. നായരുടെ പേരിൽ ആർ.എസ്.എസ്.-കാർ നടത്തിയ കൊലപാതക കേസ് പിൻവലിക്കാൻ തയ്യാറാണെന്നും അദ്ദേഹത്തിന്റെ വകുപ്പ് കോടതിയിൽ കൊടുത്ത സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഈ കേസുകൾ പിൻവലിക്കുന്നതിന് തയ്യാറായത്. ആർ.എസ്.എസ്.-കാരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തമ്മിലുള്ള അവിശുദ്ധബന്ധം അവസാനിപ്പിച്ചില്ലെങ്കിൽ അതീവഗുരുതരമായ വർഗ്ഗീയ കലാപങ്ങൾ കേരളത്തിൽ ഉണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. ഉമ്മൻചാണ്ടി: സർ, ഞാൻ ഇക്കാര്യം പറഞ്ഞുകഴിഞ്ഞതാണ്. കോടതിയിൽ ഗവൺമെന്റിന്റെ സമ്മതം മാത്രമാണ് അറിയിക്കുന്നത്. കോടതിയുടെ അനുമതിയോടുകൂടി മാത്രമേ ഇത് പിൻവലിക്കാൻ സാധിക്കുകയുള്ളൂ. തൊഗാഡിയയുടെ കേസിൽ കുറ്റപത്രം കൊടുക്കാൻ വൈകിയതിന്റെ പേരിൽ കോടതി ഡിസ്ചാർജ് ചെയ്യുകാണ് ചെയ്തത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, തൊഗാഡിയയുടെ കേസിനെ സംബന്ധിച്ചിടത്തോളം, ഇത് നിരവധി തവണ ഇവിടെ ചർച്ച ചെയ്ത വിഷയമാണ്. കുറ്റപത്രം കോടതിയിൽ സമർപ്പിക്കാൻ വൈകിയതുകൊണ്ട് കോടതിയെടുത്ത നടപടിയാണ്. അതുകൊണ്ട് അത്

ഗവൺമെന്റ് വിത്ഡ്രോ ചെയ്ത കേസ് അല്ല എന്ന് ഞാൻ വ്യക്തമാക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇവിടെ മുഖ്യമന്ത്രി ഒരു കാര്യം പറയുന്നു. ആഭ്യന്തര വകുപ്പുമന്ത്രി മറ്റൊരുകാര്യം പറയുന്നു. കുറ്റപത്രം കൊടുക്കാത്തതുകൊണ്ട് മാത്രം ഒരു കേസ് പിൻവലിക്കാൻ കഴിയില്ല. ആ കേസ് ഒഴിവാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് സമ്മതമാണ് എന്നുപറഞ്ഞ് ഒരു റിപ്പോർട്ട് കോടതിക്ക് സമർപ്പിക്കാതെ അങ്ങനെയൊരു കേസ് കോടതി പിൻവലിക്കുകയില്ല. ഞങ്ങളുടെയൊക്കെ പേരിൽ എത്രയോ കേസുകൾ കോടതികളിലുണ്ട്; ഏതെങ്കിലും ഒരു കേസ് ഇതുപോലെ നിങ്ങൾ പിൻവലിച്ചിട്ടുണ്ടോ; പ്രതിപക്ഷ നേതാവിന്റെ പേരിലുള്ള കേസുകളും എം.എൽ.എ.-മാരുടെ പേരിലുള്ള കേസുകളൊന്നും പിൻവലിക്കാതെ തൊഗാഡിയയുടെ കേസ് മാത്രം എങ്ങനെ പിൻവലിക്കപ്പെട്ടു; അതാണ് ഇവിടത്തെ പ്രശ്നം. ആർ.എസ്.എസ്.-കാർ പ്രതികളായ കേസുകൾ മുഴുവൻ പിൻവലിച്ചുകൊടുക്കുന്നു. സംസ്ഥാന ഗവൺമെന്റിന്റെ അനുവാദമില്ലാതെയാണോ കേസ് പിൻവലിച്ചുകൊടുക്കുന്നത്; കേടതിയിൽ കേസുകളുടെ എണ്ണം വർദ്ധിച്ചുവരുന്നത് ഒഴിവാനും കേസുകളുടെ എണ്ണം കുറയ്ക്കാനും വേണ്ടിയാണോ ഇങ്ങനെ പിൻവലിച്ചുകൊടുക്കുന്നത്; അങ്ങ് പറഞ്ഞ കണക്കുപ്രകാരം കോടതിയിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഇതിന് പരിഹാരം

കാണണമെങ്കിൽ പുതിയ കോടതികൾ ഉണ്ടാക്കിക്കൊണ്ടോ..... സായാഹ്ന കോടതികൾ പ്രവർത്തിക്കുന്നതിന് നേരത്തേ ഒരു പ്രൊപ്പോസൽ ഉണ്ടായിരുന്നു. അത് ഇപ്പോഴില്ല. ഗ്രാമന്യായാലയങ്ങളെപ്പറ്റി അങ്ങ് ഒന്നും പറഞ്ഞില്ല. ഈ ചോദ്യത്തിലെ (ഡി) ചോദ്യം അതാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 30 ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലംതന്നെ തീരുമാനിക്കപ്പെട്ടതാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് അതിന് കിട്ടുന്നതാണ്. ഹൈക്കോടതി ഇക്കാര്യത്തിലൊരു നടപടിയും എടുക്കുന്നതായി കാണുന്നില്ല. ഗ്രാമന്യായാലയങ്ങൾ തുടങ്ങുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും ഒരു പദ്ധതി ഈ ഗവൺമെന്റിനുണ്ടോ; കേസുകളുടെ എണ്ണം കെട്ടിക്കിടക്കുന്നത് ഒഴിവാക്കണമെങ്കിൽ ഇത്തരം പദ്ധതികളല്ലാതെ കേസ് പിൻവലിച്ച് കൊടുത്തുകൊണ്ട് എണ്ണം കുറയ്ക്കുക എന്നതാണോ ഈ ഗവൺമെന്റിന്റെ നയം?

<u>ശ്രീ. ഉമ്മൻചാണ്ടി</u>: സർ, അത് ഗവൺമെന്റിന്റെ നയമല്ല. ഇവിടെ വീണ്ടും പറയുന്നു, തൊഗാഡിയയുടെ കേസ് വൈകിയതിന്റെ പേരിൽ ഡിസ്ചാർജ്ജ് ചെയ്തതാണ്. ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ ചോദിച്ച ഒരു ചോദ്യം എങ്ങനെ വൈകി; എന്തുകൊണ്ട് വൈകി എന്നുള്ളതാണ്. ഞാൻ അത് ഒരു സെന്റൻസിൽ മറുപടി പറയാം. ഈ സംഭവം നടക്കുന്നത് 08.07.2003-ലാണ്. 5

വർഷം ഇടതുമുന്നണി ഭരിച്ചിട്ടും കുറ്റപത്രം കൊടുത്തില്ല. ....(ബഹളം)... ഞങ്ങളുടെ ഭരണകാലത്തും നിങ്ങളുടെ അഞ്ച് വർഷത്തെ ഭരണകാലത്തും കുറ്റപത്രം കൊടുത്തില്ല. അതാണ് വൈകി കോടതി ഡിസ്ചാർജ്ജ് ചെയ്തത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ ഗവൺമെന്റിന്റെ അനുവാദം ഇല്ലാതെയാണോ കോടതി ആ കേസ് അവസാനിപ്പിച്ചത്?

ശ്രീ. ഉമ്മൻചാണ്ടി: സർ, കോടതി കുറ്റപത്രം വൈകിയതിന് കാരണം പറയുന്നുണ്ട്. 'As per section 468 CRPC...' കുറ്റപത്രം സമർപ്പിക്കാനുള്ള കാലാവധി കഴിഞ്ഞതുകൊണ്ട് പ്രസ്തുത വകുപ്പനുസരിച്ച് ഡിസ്ചാർജ്ജ് ചെയ്യുകയാണ് ചെയ്തത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന്റെ പല ചോദ്യങ്ങൾക്കും മറുപടി പറഞ്ഞുകഴിഞ്ഞു. പ്ലീസ്..... പ്ലീസ്.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സംസ്ഥാന ഗവൺമെന്റിന്റെ താല്പര്യത്തിന് വിരുദ്ധമായാണ് ഈ കേസ് ഡിസ്ചാർജ്ജ് ചെയ്തതെങ്കിൽ അതിനെതിരായി എന്തുകൊണ്ടാണ് ഉപരികോടതിയിൽ അപ്പീൽ കൊടുക്കാതിരുന്നത്?

ശ്രീ. ഉമ്മൻചാണ്ടി: സർ, അപ്പീൽ കൊടുത്തിട്ടില്ല. ഈ സെക്ഷൻ അനുസരിച്ച്

കോടതിതന്നെ ഡിസ്ചാർജ്ജ് ചെയ്തതാണ്.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: സർ, സർക്കാരിന്റെ അനുവാദമില്ലാതെയാണ് കോടതി കേസ് പിൻവലിച്ചതെങ്കിൽ എന്തുകൊണ്ട് അപ്പീൽ കൊടുത്തില്ലായെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിച്ചത്. പക്ഷേ അപ്പീൽ കൊടുത്തിട്ടില്ലായെന്നാണ് മുഖ്യമന്ത്രി മറുപടി പറഞ്ഞത്. അതിനുള്ള മറുപടി പിന്നീട് തന്നാൽ മതി. എന്റെ ചോദ്യം ഇതാണ്, സർക്കാർ നിയമിക്കുന്ന ഗവൺമെന്റ് പ്ലീഡർമാർ സർക്കാരിനുവേണ്ടി കേസ് വാദിക്കുന്നതിനു പകരം എതിർ കക്ഷികളുമായി ചേർന്ന് സർക്കാരിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് എടുത്തത്. അന്തർ സംസ്ഥാന കോഴിക്കടത്ത് കേസിൽ ഗവൺമെന്റ് പ്ലീഡർമാർ മറുഭാഗം ചേർന്നതിന്റെ ഭാഗമായി 50 കോടി രൂപയുടെ നഷ്ടമാണ് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളതെന്ന് ഇവിടെ സമ്മതിച്ചിട്ടുണ്ട്. കൂടാതെ നെല്ലിയാമ്പതി ഭൂമി കേസിൽ സർക്കാർ നഷ്ടപ്പെടുത്തിയതുമുണ്ട്. ഇതിനെപ്പറ്റി എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ?

<u>ശ്രീ. ഉമ്മൻചാണ്ടി</u>: സർ, അതിന്റെ വിശദാംശങ്ങൾ ഞാൻ പരിശോധിച്ചതിനുശേഷം വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, കോടതികളിൽ കേസ് കെട്ടിക്കിടക്കുന്നതുകൊണ്ട് പൊതുജനങ്ങൾക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടാകുന്നുവെന്ന കാര്യം എല്ലാവർക്കുമറിയാം. അതിന് പരിഹാരമായി അദാലത്തുകളും ഗ്രാമകോടതികളുമൊക്കെ സ്ഥാപിക്കാനുള്ള നടപടികൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 30 സ്ഥലങ്ങൾ ഓർഡറായി വന്നിരുന്നു. അതിൽ 8 സ്ഥലങ്ങളിൽ മാത്രമേ കെട്ടിടം കണ്ടെത്തിയിട്ടുള്ളൂവെന്ന് പറഞ്ഞു. ഇക്കാര്യത്തിൽ സാധാരണ ജനങ്ങൾക്ക് അധികം പണം മുടക്കാതെ എത്രയും വേഗം നീതി കിട്ടാൻവേണ്ടി എന്തൊക്കെ കാര്യങ്ങൾ ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. ഉമ്മൻചാണ്ടി</u>: സർ, കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് പരമാവധി ചെയ്യുന്നുണ്ട്. ഹൈക്കോടതിയുമായി ബന്ധപ്പെട്ട് അവിടെനിന്ന് ആവശ്യപ്പെടുന്ന കോടതികൾ അനുവദിക്കപ്പെടുന്ന കാര്യത്തിൽ..... ഇപ്പോൾ തന്നെ ധനകാര്യ കമ്മീഷന്റെ ഫണ്ട് ഉപയോഗിച്ച് 27 ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ അനുവദിച്ചു. ഇതിനോടകം എസ്.സി./എസ്.റ്റി. കേസുകൾ വിചാരണ ചെയ്യുന്നതിനുവേണ്ടി 3 കോടതികൾ അനുവദിച്ചിട്ടുണ്ട്. അതുപോലെ കുടുംബ കോടതികൾ പുതിയതായി അനുവദിച്ചിട്ടുണ്ട്. കോടതികൾ അനുവദിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഹൈക്കോടതിയുടെ

നിർദ്ദേശങ്ങൾ സ്വീകരിച്ച് പരമാവധി ചെയ്തിട്ടുണ്ട് എന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)